# മൗലിക ബദലുകൾക്കു വേണ്ടിയുള്ള അന്വേഷണം: സുപ്രധാന വിഷയങ്ങളും തത്വങ്ങളും

വികൽപ് സംഗമം പ്രക്രിയ വഴി തയ്യാറാക്കിയ രൂപരേഖ
ഏഴാമത് പതിപ്പ്

















# മൗലിക ബദലുകൾക്കു വേണ്ടിയുള്ള അന്വേഷണം:

## സുപ്രധാന വിഷയങ്ങളും തത്വങ്ങളും

വികൽപ് സംഗം പ്രക്രിയ വഴി തയ്യാറാക്കിയ രൂപരേഖ
ഏഴാമത് പതിപ്പ്[1]

www.vikalpsangam.org

[1] വികൽപ് സംഗം സംവിധാനത്തിൽ ആഭ്യന്തരമായി ചർച്ച ചെയ്യുന്നതിനായി ഈ രേഖ 2014ലാണ് ആദ്യമായി തയ്യാറാക്കിയത്. തുടർന്നു നടന്ന വിവിധ വികൽപ് സംഗം സമ്മേളനങ്ങളിലും (ആന്ധ്രപ്രദേശ്/ തെലുങ്കാന, ഒക്ടോബർ 2014; തമിഴ്നാട്, ഫെബ്രുവരി 2015; ലഡാക്ക്, ജൂലൈ 2015; മഹാരാഷ്ട്ര, ഒക്ടോബർ 2015; യുവജനം, ഫെബ്രുവരി 2017; കേരളം, ഏപ്രിൽ 2017; ദേശീയം, നവംബർ 2017) വികൽപ് സംഗം കോർ ഗ്രൂപ്പ് യോഗങ്ങളിലും (ഡിസംബർ 2015, 2016, 2017; തുടർന്ന് വീണ്ടും 2023) നടന്ന ചർച്ചയുടെയും അതിനു പുറമെ നേരിട്ടും ഇമെയിൽ വഴിയും മറ്റും ലഭിച്ച വിവിധ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ രേഖ പലതവണ വിപുലീകരിക്കുകയുണ്ടായി. ഇപ്പോൾ പുറത്തിറക്കുന്നത് അതിന്റെ ഏഴാമത് പതിപ്പാണ്. നിരന്തരം വികസ്വരമായി വരുന്ന ഒരു രേഖയാണ് ഇത്. നിർദേശങ്ങൾക്കും വിവരങ്ങൾക്കുമായി ബന്ധപ്പെടുക: ആശിഷ് കോഠാരി, ashishkothari@riseup.net; അല്ലെങ്കിൽ info@vikalpsangam.org.

# ഉള്ളടക്കം


1. തുല്യത, നീതി, സുസ്ഥിരത എന്നിവയിലേക്ക് 04

2. ബദൽ എന്നാൽ എന്ത്? 07

3. ബദലുകളിൽ ഉന്നയിക്കപ്പെടുന്ന തത്വങ്ങൾ എന്തൊക്കെ? 11

4. ജീവിതത്തിന്റെ വിവിധ മേഖലകളിൽ/പ്രദേശങ്ങളിൽ/വിഷയങ്ങളിൽ ഉയർന്നു വരുന്ന ബദലുകൾ ഏതൊക്കെ? 16

5. ഭാവി ബദലുകളിലേക്കു നമ്മെ നയിക്കുന്ന പ്രയോഗതന്ത്രങ്ങൾ/ പാതകൾ ഏതൊക്കെ? 25

6. ഇതെല്ലാം ചേർന്ന് ഒരു സമഗ്ര ബദൽ ദർശനത്തിലേക്കു നയിക്കുമോ? - ഭാവി അന്വേഷണത്തിനും ചർച്ചയ്ക്കുമുള്ള ചോദ്യങ്ങൾ 28

1

# തുല്യത, നീതി, സുസ്ഥിരത എന്നിവയിലേക്ക്



എല്ലാ ജീവജാലങ്ങളുടെയും നിലനില്പിന്റെ അടിസ്ഥാനമായ ഭൂമി ഇന്നൊരു പ്രതിസന്ധിയെ നേരിടുകയാണ്. മാനവരാശി, ഒരു ഭാഗത്തു അസമത്വത്തിന്റെയും കൊടും ചൂഷണത്തിന്റെയും ഭാഗമായ പ്രതിസന്ധികളിൽ പെട്ട് ഉഴലുമ്പോൾ തന്നെ, ഭൂമിയിലെ സർവ ജീവജാലങ്ങളുടെയും ഒരേയൊരു ആശ്രയമായ പ്രകൃതിയെ അമിതമായി ദുരുപയോഗം ചെയ്തുകൊണ്ട്, നമ്മൾ അറിയുന്ന തരത്തിലുള്ള ജീവിതം അസാധ്യമാക്കുന്ന വിധമുള്ള ദുരവസ്ഥയിൽ ലോകത്തെ എത്തിച്ചിരിക്കുന്നു. പരസ്പര ബന്ധിതവും പരസ്പര പൂരകവുമായ വിവിധസ്വഭാവമുള്ള ഇന്നത്തെ പ്രതിസന്ധികളുടെ ഏറ്റവും അവസാനത്തെ ലക്ഷണമായാണ് 2020-2022 കാലത്തു കൊറോണ വൈറസ് മഹാമാരി ലോകമെങ്ങും പ്രത്യക്ഷപ്പെട്ടത്. ആഗോള സംവിധാനത്തിലെ അതീവ ഗുരുതരവും സമൂഹത്തിന്റെ അടിത്തറ വരെ വ്യാപിച്ചതുമായ വിള്ളലുകൾ മഹാമാരി നമുക്കു വളരെ പ്രത്യക്ഷമായിത്തന്നെ കാണിച്ചു തരികയുണ്ടായി. ഈയൊരു സന്നിഗ്ദ്ധ സന്ദർഭത്തിൽ നമ്മൾ മുന്നോട്ടു വെക്കേണ്ട ചില അടിയന്തിര ചോദ്യങ്ങളുണ്ട്: നമ്മെത്തന്നെയും ഭൂമിയെയും സംരക്ഷിക്കാൻ ആവശ്യമായ വിവേകവും ദൂരക്കാഴ്ച്ചയും മാനവരാശിയിൽ ഇനിയും നിലനിൽക്കുന്നുണ്ടോ? അതിനു അനിവാര്യമായ അടിയന്തിരവും അഗാധവും വിപുലവുമായ വിവിധ നടപടികൾ സ്വീകരിക്കാൻ നമുക്ക് സാധിക്കുമോ? ബഹുമാനം, അനുകമ്പ, സ്നേഹം, ഉത്തരവാദിത്വം, സ്വാതന്ത്ര്യം, വൈവിധ്യം, വിനയം, ഇങ്ങനെയുള്ള മൂല്യങ്ങളിൽ അടിയുറച്ച ഒരു ലോകം... മാനവർക്കിടയിൽ മാത്രമല്ല, മാനവരും മറ്റു ജീവജാലങ്ങളും തമ്മിലുള്ള ബന്ധങ്ങളിലും ഇതേ തത്വങ്ങൾ അനവരതം പിന്തുടരുന്ന ഒരു ലോകം... തീർച്ചയായും നമ്മൾ അതേക്കുറിച്ചു സ്വപ്നങ്ങൾ നെയ്യുക മാത്രമല്ല, അതിലേക്കു നയിക്കുന്ന പാതകൾ വെട്ടിത്തുറക്കുന്നതിനെ കുറിച്ച് ആഴത്തിൽ ചിന്തിക്കുകയും വേണ്ടതല്ലേ?

നിലവിൽ മേധാവിത്വം വഹിക്കുന്ന സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥകളിൽ നിന്നും അടിസ്ഥാനപരമായി വ്യത്യസ്തമായതും പ്രായോഗികവുമായ ബദലുകൾക്കും ദർശനങ്ങൾക്കും വേണ്ടി ഒത്തൊരുമയോടെ നടത്തുന്ന അന്വേഷണം ഈ സന്ദർഭത്തിൽ വളരെയേറെ പ്രസക്തമാകുന്നു. തുല്യത, നീതി, പാരിസ്ഥിതിക സുസ്ഥിരത എന്നീ ലക്ഷ്യങ്ങളിലേക്കു നമ്മെ നയിക്കുന്ന ബദലുകളാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. ഇന്നു നിലനിൽക്കുന്ന ആശയങ്ങളുടെയും മൂല്യങ്ങളുടെയും ലോകവീക്ഷണങ്ങളുടെയും സംസ്കാരങ്ങളുടെയും പാരമ്പര്യത്തിൽ നിന്നും അവയുടെ ഭൂതകാല സ്വാധീനത്തിൽ നിന്നും മാറി, പ്രായോഗികമായ ഭാവി ബദലുകളിലേക്കു നയിക്കുന്ന ആശയങ്ങൾ വികസിപ്പിക്കൽ സാധ്യമാണോ? തൃണമൂല തലങ്ങളിൽ പലേടത്തും നിലവിൽ കാണപ്പെടുന്ന പരീക്ഷണങ്ങളിൽ നിന്നും നമുക്ക് അത്തരം പുത്തൻ പാതകളും നവചിന്തകളും വികസിപ്പിക്കാനാവുമോ? പ്രകൃതിയെ ചൂഷണം ചെയ്യാതെയും സമൂഹത്തിൽ ചില കൂട്ടർക്കു മറ്റു ചിലരുടെ മേൽ അമിത പ്രാധാന്യം കല്പിച്ചു നൽകാതെയും അത്തരമൊരു ബദൽ നിർമിക്കുകയും അതിലൂടെ എല്ലാവരുടെയും അടിസ്ഥാനപരമായ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റപ്പെടുകയും ചെയ്യുക എന്നതു സാധ്യമാണോ? എങ്കിൽ അതെങ്ങനെ നടപ്പിലാക്കും?

വികൽപ് സംഗം പ്രക്രിയയുടെ വിവിധ ദശകളിലൂടെ വികസിച്ചുവന്ന ഈ രേഖ അത്തരമൊരു ഭാവിയിലേക്കുള്ള പാതകളെ സംബന്ധിച്ച ചില ആശയങ്ങളാണ് മുന്നോട്ടു വെക്കുന്നത്. വിശദമായ ചർച്ചകളും സമഗ്രമായ ദർശനവും ഉയർന്നുവരാൻ സഹായകമായ ഒരു മാർഗരേഖ എന്ന നിലയിലാണ് അത് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

നിലവിൽ മേധാവിത്വം വഹിക്കുന്ന സംവിധാനങ്ങളെ ('മുഖ്യധാര' എന്നാണ് അതു സ്വയം വിശേഷിപ്പിക്കുന്നത്) സംബന്ധിച്ച ഒരു വിമർശനം ഈ രേഖയുടെ ഭാഗമായി ഇവിടെ നടത്തുന്നില്ല. എന്നിരുന്നാലും അതിന്റെ അടിസ്ഥാനപരമായ സ്വഭാവ സവിശേഷതകളെ കുറിച്ച് പൊതുവിലുള്ള ഒരു ധാരണ നമുക്കിടയിൽ നിലനിൽക്കുന്നതായി ഈ രേഖ കണക്കിലെടുക്കുന്നു. നിലവിൽ നമ്മൾ അനുഭവിക്കുന്ന പാരിസ്ഥിതികമായ അസന്തുലിതാവസ്ഥ, അസമത്വം, അനീതി, ജീവനും ജീവനോപാധികളും നഷ്ടപ്പെടുന്ന അവസ്ഥ തുടങ്ങിയ വിവിധങ്ങളായ പ്രതിസന്ധികളുടെ പിന്നിൽ ഘടനാപരമായ പ്രശ്നങ്ങളുണ്ട് എന്നതു പൊതുവിൽ അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ് എന്ന് ഇവിടെ കണക്കിലെടുക്കുന്നു. കേന്ദ്രീകൃതവും ശ്രേണീബദ്ധവുമായ ഭരണകൂട സംവിധാനങ്ങൾ; കോർപ്പറേറ്റ് മുതലാളിത്ത - സൈനിക നിയന്ത്രണം; അനുസ്യൂതവും അതിരുകൾ ഇല്ലാത്തതുമായ വികസനവും സാമ്പത്തിക വളർച്ചയും സംബന്ധിച്ച വ്യാമോഹങ്ങൾക്കു പിന്നാലെയുള്ള അലച്ചിൽ; പുരുഷാധിപത്യ ചിന്തകളും ആണധികാര ഘോഷണങ്ങളും; ജാതിവ്യവസ്ഥ അടക്കം സാമൂഹികവും സാംസ്കാരികവുമായ അസമത്വങ്ങൾ; അസഹിഷ്ണുതയും ഭിന്നവിഭാഗങ്ങളോടു കാണിക്കുന്ന വെറുപ്പും സമൂഹതലത്തിൽ


ന്യായീകരിക്കപ്പെടുന്ന അന്തരീക്ഷം; ആധുനികതയുടെയും ലളിതവത്കൃത ശാസ്ത്രയുക്തിയുടെയും പേരിൽ പ്രകൃതിയിൽ നിന്നും അവനവന്റെ തന്നെ ആത്മീയമായ അടിത്തറകളിൽ നിന്നുമുള്ള അന്യവത്കരണം; സ്വത്തിന്റെയും ഉല്പാദന ഉപകരണങ്ങളുടെയും സ്വകാര്യവല്കരണം; “ഞാൻ“ എന്നും “അവർ“ എന്നുമുള്ള നിലയിൽ സാമൂഹിക വിഭജനവും വ്യക്തിനിഷ്ഠതയ്ക്കു നൽകപ്പെടുന്ന അമിത പ്രാമാണ്യവും; സാംസ്കാരിക മേഖലയിൽ അന്യവിശ്വാസങ്ങളോടുള്ള വിദ്വേഷവും മതം, വംശീയത, ‘ഗോത്രം’, വസ്ത്രം, ഭക്ഷണം എന്നിവയിലൊക്കെയും “നമ്മളും” “അവരും” എന്ന ദ്വിത്വ സ്വഭാവത്തിലുള്ള വിഭജനവും; ജ്ഞാന-വിജ്ഞാന സംവിധാനങ്ങളുടെ മേലുള്ള ജനാധിപത്യ വിരുദ്ധമായ നിയന്ത്രണം; ഡിജിറ്റൽ മേഖലയിൽ ‘ബിഗ് ടെക്ക്’ എന്നറിയപ്പെടുന്ന കൂറ്റൻ കമ്പനികളുടെ നീരാളിപ്പിടുത്തം; ഇതൊക്കെയും നിലവിലെ അസമത്വപൂർണമായ വ്യവസ്ഥയുടെ ചില ലക്ഷണങ്ങളാണ്.

ഇവിടെ അവതരിപ്പിക്കുന്ന വിശകലനത്തിൽ എല്ലാവരും പൂർണമായി യോജിക്കുമെന്നു കരുതുന്നില്ല. എന്നിരുന്നാലും പ്രശ്നത്തിന്റെ സവിശേഷതകൾ സംബന്ധിച്ച വിശദമായ ചർച്ച മറ്റൊരു അവസരത്തിലേക്കു മാറ്റിവെച്ചു കൊണ്ട് ഇവിടെ നമ്മൾ ഊന്നൽ നൽകുന്നത് മുന്നോട്ടുള്ള പാതയെയും അതിന്റെ ദർശനത്തെയും സംബന്ധിച്ച ചർച്ചകളിലാണ്. നമ്മൾ ഇന്ന് അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രതിസന്ധി സംബന്ധിച്ച പൊതുവിൽ അംഗീകരിക്കപ്പെട്ട ധാരണകളുടെ അടിസ്ഥാനത്തിലാണ് ഈ ചർച്ചകൾ നടക്കുന്നതും. അതിനായി പ്രാദേശികതലത്തിൽ നടക്കുന്ന മുന്നേറ്റങ്ങളെ സംബന്ധിച്ചും അത്തരം പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ചും കൂടുതൽ വ്യക്തതയുള്ള ഒരു രാഷ്ട്രീയ ധാരണ നമുക്ക് അനിവാര്യമാണ്. അത്തരം പ്രവർത്തനങ്ങൾക്കിടയിലും ബദലുകൾ സംബന്ധിച്ച ധാരണകൾ കൂടുതൽ വികസിപ്പിക്കണം. അതിലൂടെ മാത്രമേ, സമരമുഖങ്ങളിൽ കൂടുതൽ വിശാലമായ ഐക്യം ഉണ്ടാക്കിയെടുക്കാൻ നമുക്കു സാധ്യമാവുകയുള്ളൂ. ബദലുകൾക്കു വേണ്ടിയുള്ള ഒരു അന്വേഷണം എന്നതിന്റെ അർത്ഥം, എല്ലാവരും വീണ്ടും ദാരിദ്ര്യത്തിലേക്കും ഇല്ലായ്മയിലേക്കും തിരിച്ചുപോകുക എന്നല്ല തന്നെ. മറിച്ചു പാരിസ്ഥിതിക സുസ്ഥിരതയുടെയും നീതിയുടെയും തുല്യതയുടെയും അടിസ്ഥാനത്തിൽ സമ്പന്നത നേടുക എന്നു തന്നെയാണ്. പ്രാചീനകാലം മുതൽ നിലനിൽക്കുന്ന സ്വരാജ് എന്ന ആശയത്തെ ഉൾക്കൊള്ളുന്ന ഒരു സമൂഹമാണ് നമ്മൾ ഇവിടെ ലക്ഷ്യമിടുന്നത്:

ഉത്തരവാദിത്വപൂർണമായ നിലയിൽ വ്യക്തിപരവും സാമൂഹികവുമായ സ്വാതന്ത്ര്യവും സ്വയംഭരണവും അത് ഉറപ്പു നൽകുന്നു; എല്ലാ ജീവജാലങ്ങളോടുമുള്ള ബഹുമാനം അത് ഉറപ്പാക്കുന്നു; നൈതികവും ആത്മീയവുമായ അന്വേഷണങ്ങളിലൂടെ സാധിക്കുന്ന ആത്മനിയന്ത്രണം അത് സ്വയം പരിശീലിക്കുന്നു.

## 2

# ‘ബദൽ’ എന്നാൽ എന്ത്?




രേഖാചിത്രം 1: പരിവർത്തന പുഷ്പം: മൗലിക ബദലുകളുടെ മേഖലകൾ

(കുറിപ്പ്: പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന മേഖലകളിൽ വിവരിക്കപ്പെടുന്ന വിഷയങ്ങൾ സൂചനകൾ മാത്രമാണ്; അവ പൂർണമല്ല.)

തുല്യത, നീതി, സുസ്ഥിരത എന്നീ പൊതുവായ ലക്ഷ്യങ്ങളിലേക്കു നയിക്കുന്ന പ്രായോഗിക പ്രവർത്തനങ്ങൾ, നയങ്ങൾ, സംവിധാനങ്ങൾ, സാങ്കേതിക വിദ്യകൾ, ആശയങ്ങൾ/പ്രവർത്തന മാതൃകകൾ എന്നിവയെല്ലാം ബദൽ എന്ന വിശേഷണത്തിന് അർഹമാണ്. അവയെ പ്രയോഗ പരിധിയിൽ കൊണ്ടുവരികയോ നിർദേശിക്കുകയോ/പ്രചരിപ്പിക്കുകയോ ചെയ്യുന്നത് ഒന്നുകിൽ സമൂഹങ്ങളോ സർക്കാരോ അല്ലെങ്കിൽ പൊതുസമൂഹ സംഘടനകളോ വ്യക്തികളോ സാമൂഹിക സംഘടനകളോ മറ്റു സ്ഥാപനങ്ങളോ ആകാവുന്നതാണ്. അവ പുതിയ കാലത്തിനു അനുസരിച്ചു മാറ്റങ്ങൾക്കു വിധേയമായതോ അല്ലെങ്കിൽ പുനരവതരിപ്പിക്കപ്പെടുന്നതോ ആയതും പൂർവകാലത്തിൽ നിന്നുള്ളതുമായ തുടർച്ചയാകാം; അതല്ലെങ്കിൽ അവ തീർത്തും പുത്തനായ മാതൃകകളുമാവാം. ഇവിടെ ഓർമിക്കേണ്ട കാര്യം, ബദലുകൾ എല്ലായ്പോഴും ‘പാർശ്വങ്ങളിൽ’ നിന്നും ഉയർന്നു വരുന്നതോ അല്ലെങ്കിൽ തീർത്തും പുതിയതോ ആയിക്കൊള്ളണമെന്നില്ല എന്നതാണ്. മറിച്ചു അവയെ വ്യതിരിക്തമാകുന്നത് അവ നിലവിലെ ചൂഷണാത്മകവും അമിതോപഭോഗ പ്രധാനവുമായ ‘മുഖ്യധാരാ’ സംവിധാനങ്ങളിൽ നിന്നും വ്യത്യസ്തവും അവയെ പകരം വെക്കുന്നതുമാണ് എന്ന കാര്യമാണ്.

1. **പാരിസ്ഥിതിക വിവേകം, സമഗ്രത, നൈസർഗികത:**
   പാരിസ്ഥിതിക സംവിധാനങ്ങൾ, ജീവജാലങ്ങൾ, പ്രവർത്തനങ്ങൾ, പാരിസ്ഥിതിക ചാക്രികത എന്നിവയെ സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനുമുള്ള പരിസ്ഥിതി പുനരുജ്ജീവന പ്രവർത്തനങ്ങൾ; പ്രാദേശിക തലം മുതൽ ആഗോളതലം വരെ പാരിസ്ഥിതികമായ പരിമിതികൾ സംബന്ധിച്ച അവബോധവും അതിനോടുള്ള ബഹുമാനവും; എല്ലാ മാനുഷിക പ്രവർത്തനങ്ങളിലും പാരിസ്ഥിതിക വിവേകവും നൈതികയും കണക്കിലെടുക്കൽ.

2. **സാമൂഹികവും വൈകാരികവുമായ ക്ഷേമവും നീതിയും:**
   ശാരീരിക, സാമൂഹിക, വൈകാരിക, സാംസ്കാരിക, ആത്മീയ തലങ്ങളിൽ സംതൃപ്തികരവും ഫലവത്തുമായ ജീവിതം; സാമൂഹിക-സാമ്പത്തിക മേഖലകളിലും രാഷ്ട്രീയ മേഖലയിലും നടക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളിലും അതിന്റെ നേട്ടങ്ങളിലും അവകാശങ്ങളിലും ഉത്തരവാദിത്വങ്ങളിലും വ്യക്തികളും സമൂഹങ്ങളും തുല്യത അനുഭവിക്കുന്ന അന്തരീക്ഷം; മാനസികവും വൈകാരികവുമായ ആരോഗ്യത്തിനു പ്രാധാന്യം നൽകുന്ന സമൂഹം; വിശ്വാസം, ലിംഗം, ജാതി, വർഗം, വംശീയത, കഴിവുകൾ എന്നിവയുടെ പേരിലുള്ള പ്രത്യേകാവകാശങ്ങളും ഭിന്നതകളും ശ്രേണീകൃത ബന്ധങ്ങളും ഒഴിവാക്കി പകരം ചൂഷണരഹിതവും പീഡനരഹിതവും ഉച്ചനീച ഭിന്നതകൾ ഇല്ലാത്തതും പരസ്പര ബന്ധങ്ങളിൽ വിവേചനം തീണ്ടാത്തതുമായ ഒരു സാമൂഹികാന്തരീക്ഷം; വ്യക്തിഗതവും സാമൂഹികവുമായ മനുഷ്യാവകാശങ്ങളെ അംഗീകരിക്കുന്ന ഒരു സമൂഹം.

3. **നേരിട്ടു പ്രയോഗിക്കുന്നതും പ്രാതിനിധ്യ രീതിയിലുള്ളതുമായ ജനാധിപത്യം:**
   തീരുമാനമെടുക്കൽ പ്രക്രിയ സമൂഹത്തിലെ ഏറ്റവും ചെറിയ കൂട്ടായ്മകളിൽ നിന്നും ആരംഭിക്കുന്ന സമൂഹം; തീരുമാനങ്ങൾ എടുക്കുന്നതിൽ അവിടെ ഓരോ വ്യക്തിക്കും താന്താങ്ങളുടെ പങ്കാളിത്തവും കഴിവും അവസരവും വിനിയോഗിക്കാനാവണം; കീഴ്ത്തട്ടിൽ നിന്നും മുകളിലേക്കു പ്രതിനിധ്യത്തിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ സംവിധാനം കെട്ടിപ്പടുക്കണം; ഓരോ തലത്തിലെയും പ്രതിനിധികൾ തങ്ങൾക്കു താഴെയുള്ള ജനാധിപത്യ തലത്തിനോടു നേരിട്ടുള്ള ഉത്തരവാദിത്വം പുലർത്തണം; തീരുമാനങ്ങൾ എടുക്കുന്നത് “ഒരാൾക്കു ഒരു വോട്ട് “ എന്ന രീതിക്കു പകരം എല്ലാവരുടെയും കൂട്ടായ ശ്രമങ്ങളും സമവായവും കണക്കിലെടുത്തു കൊണ്ടാവണം; അത്തരം തീരുമാനങ്ങൾ ഓരോന്നും നിലവിൽ പാർശ്വവത്കൃതമായി നിലനിൽക്കുന്ന വിഭാഗങ്ങളുടെ താല്പര്യങ്ങളും അവകാശങ്ങളും പ്രത്യേകം പരിഗണിക്കുകയും അവയെ ബഹുമാനിക്കുകയും ചെയ്യുന്നതാവണം (ഉദാഹരണത്തിന് ന്യൂനപക്ഷങ്ങൾ).

4. **സാമ്പത്തിക ജനാധിപത്യം:**
   ഉല്പാദന സംവിധാനത്തിലും വിതരണത്തിലും കൈമാറ്റത്തിലും കമ്പോളത്തിലും അതുമായി ബന്ധപ്പെട്ട വ്യക്തിഗത വിവരങ്ങളിലുമെല്ലാം പ്രാദേശിക സമൂഹങ്ങൾക്കും വ്യക്തികൾക്കും (ഉല്പാദകരും

ഉപഭോക്താക്കളും അടക്കം; എന്നാൽ ഇരുകൂട്ടരും ചേർന്ന ഉത്പാദകോപഭോക്തൃ സംവിധാനമാണ് കൂടുതൽ അഭികാമ്യം) പൂർണ നിയന്ത്രണം ലഭ്യമാകുന്ന അവസ്ഥ; അതിന്റെ അടിസ്ഥാന തത്വമായി പ്രാദേശികവൽക്കരണം അംഗീകരിക്കപ്പെടണം; തുല്യതയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വഴി വിപുലമായ വാണിജ്യവും കൈമാറ്റ സംവിധാനങ്ങളും കെട്ടിപ്പടുക്കണം; ഉടമ, തൊഴിലാളി തുടങ്ങിയ ഭിന്നതകൾ ഉച്ചാടനം ചെയ്തു കൊണ്ട് സ്വകാര്യസ്വത്തു സമ്പ്രദായം അവസാനിപ്പിക്കുകയും വിഭവങ്ങൾ പൊതു ഉടമയിൽ എന്ന രീതി അവലംബിക്കുകയും വേണം.

5. **സാംസ്കാരിക വൈവിധ്യവും ജ്ഞാനമേഖലയിലെ ജനാധിപത്യവും:** ജീവിത രീതികൾ, ആശയങ്ങൾ, ചിന്താപദ്ധതികൾ എന്നിവയിലൊക്കെ കാണപ്പെടുന്ന വൈവിധ്യങ്ങൾ അംഗീകരിക്കുകയും ക്രിയാത്മകതയും നൂതനാശയങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം; വിജ്ഞാനത്തിന്റെ (ശാസ്ത്രവും സാങ്കേതികവിദ്യയും അടക്കം പരമ്പരാഗതവും ആധുനികവുമായ എല്ലാവിധ വൈജ്ഞാനിക ശാഖകളും ഉൾപ്പെടെ) ഉല്പാദനം, വിതരണം, ഉപയോഗം എന്നിവയൊക്കെ സുതാര്യവും എല്ലാവർക്കും പ്രാപ്യവുമായ രീതിയിലാവണം; ഡാറ്റ (വ്യക്തിഗത വിവരങ്ങൾ), അറിവ്, വിജ്ഞാനം എന്നിവയെല്ലാം വെവ്വേറെ ഘടകങ്ങളായി തന്നെ അംഗീകരിക്കപ്പെടണം; ഓരോ വ്യക്തിക്കും തങ്ങളുമായി ബന്ധപ്പെട്ട വ്യക്തിവിവരങ്ങൾ (ഡാറ്റ) സ്വയംനിയന്ത്രിക്കാനുള്ള അവകാശം ലഭ്യമാകുന്ന നിലയിൽ സുതാര്യമായ ഡാറ്റാ ഗവേണൻസ് തത്വങ്ങൾ അംഗീകരിക്കപ്പെടണം; സാമൂഹിക ജീവിതത്തിന്റെ മുഖ്യ ഘടകമായി ആത്മീയമായ അന്വേഷണങ്ങളും നൈതികമായ വിജ്ഞാന സമ്പാദനവും അംഗീകൃതമാകണം.

അത്തരമൊരു സമീപനത്തിന്റെ നിർണായക സ്വഭാവമായി വരുന്ന കാര്യം മാനവിക പ്രവർത്തനങ്ങളുടെ മുഖ്യ ചാലകശക്തി ഭരണകൂടമോ സ്വകാര്യ കോർപ്പറേറ്റുകളോ അല്ല, മറിച്ചു അവയുടെ കേന്ദ്രമായി വർത്തിക്കുക സമൂഹമാണ് എന്നതാണ്. സമൂഹം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് ഒത്തൊരുമയുള്ളതും പൊതുവായ ചില സാമൂഹിക ലക്ഷ്യങ്ങളും താല്പര്യങ്ങളും ഉള്ളതുമായ വ്യക്തികളുടെ സ്വയംനിർണിത കൂട്ടായ്മ എന്നാണ്. സമൂഹം എന്നത് പലരൂപത്തിൽ പ്രത്യക്ഷമാകാം -- പ്രാചീന ഗ്രാമ സമൂഹങ്ങളും ആധുനിക നാഗരിക അയൽക്കൂട്ടങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ കൂട്ടായ്മയും സവിശേഷ താല്പര്യങ്ങളുള്ള വ്യക്തികളുടെ ഓൺലൈൻ കൂട്ടായ്മകളും സമൂഹമെന്ന നിർവചനത്തിൽ ഉൾപ്പെടും. അങ്ങനെയുള്ള സമൂഹങ്ങളിൽപ്പോലും പല തരത്തിലുള്ള അസമത്വങ്ങളും സംഘർഷങ്ങളും നിലനിൽക്കും എന്നതു വസ്തുതയാണ്; അത്തരം സന്ദർഭങ്ങളിൽ അവയുടെ പരിഹാരത്തിനുള്ള സംവിധാനങ്ങളും വികസിപ്പിക്കണം. ചില സന്ദർഭങ്ങളിൽ സമൂഹം വ്യക്തിയെ അമിത സമ്മർദ്ദത്തിനു വിധേയമാക്കുന്ന അവസ്ഥയും വന്നുചേരാം; അല്ലെങ്കിൽ വ്യക്തി സമൂഹത്തെ അവഗണിക്കുകയോ അതിന്റെ അടിത്തറ തന്നെ തകർക്കാൻ ശ്രമിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളും സാധ്യമാണ്. സമൂഹങ്ങളിൽ തുല്യതയുടെ ഒരു അന്തരീക്ഷം സംജാതമാക്കാൻ ഇത്തരം സന്ദർഭങ്ങളിൽ സമതുലിതമായ ഒരു കാഴ്ചപ്പാട് വികസിപ്പിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള പ്രാധാന്യവും ആവശ്യവും അതിനുള്ള പ്രായോഗിക സാധ്യതയും കോവിഡ് പ്രതിസന്ധിയുടെ കാലത്തു വ്യക്തമായി അനുഭവപ്പെടുകയുണ്ടായി.

ബദലുകൾ സംബന്ധിച്ച് നിലവിൽ മുന്നോട്ടു വെക്കപ്പെടുന്ന മുഴുവൻ നിർദേശങ്ങളും മുകളിൽ വിവരിച്ച അഞ്ചു ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്ന എല്ലാ ഘടകങ്ങളെയും ഉൾക്കൊള്ളുന്നതാവണമെന്നില്ല എന്നതു വാസ്തവമാണ്. ഒരു പൊതുതത്വം എന്ന നിലയിൽ, നേരത്തെ നിർദ്ദേശിച്ചവയിൽ ചുരുങ്ങിയത് രണ്ടു ലക്ഷ്യങ്ങളെയെങ്കിലും കണക്കിലെടുക്കുന്ന മുൻകൈകളെ നമുക്ക് ബദലുകൾ എന്ന നിലയിൽ പരിഗണിക്കാവുന്നതാണ്. (അതായത്, ഈ ലക്ഷ്യങ്ങളെ യാഥാർഥ്യമാക്കാൻ അതു നേരിട്ടു സഹായിക്കണം; അല്ലെങ്കിൽ പ്രത്യക്ഷമോ പരോക്ഷമോ ആയ നിലയിൽ അത്തരം ലക്ഷ്യങ്ങൾ നേടാൻ അവ സഹായകമാകണം); അതേസമയം മറ്റു ലക്ഷ്യങ്ങളിൽ ഉള്ള മുൻകൈകൾക്കു അവ വിഘാതമാകരുത്; മറിച്ചു അവയെ സ്വംശീകരിക്കാനും സ്വായത്തമാക്കാനും സഹായകമായിരിക്കുകയും വേണം. ഒരു ഉദാഹരണത്തിലൂടെ ഈ കാര്യം വിശദമാക്കുകയാണെങ്കിൽ, ഒരു ഉല്പാദന സംരംഭം അതിന്റെ പ്രവർത്തനങ്ങളിൽ സാമ്പത്തിക ജനാധിപത്യം സാധിതമാക്കുന്നു

എന്നു കരുതുക; അതേസമയം പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കുന്ന നടപടികൾ അതു സ്വീകരിക്കുന്നില്ല (അല്ലെങ്കിൽ അതേക്കുറിച്ചു പരിഗണിക്കുന്നതു പോലുമില്ല); മാത്രമല്ല, ഭരണപരമായും ആനുകൂല്യങ്ങളുടെ വിതരണത്തിലും തുല്യതയുടെ മാനദണ്ഡങ്ങൾ അത് കണക്കിലെടുക്കുന്നില്ല (അല്ലെങ്കിൽ അതേക്കുറിച്ചു ചിന്തിക്കുന്നില്ല) എന്നു വന്നാൽ ആ സംരംഭം ഒരു ബദൽ എന്ന നിലയിൽ കണക്കാക്കാനാവില്ല. അതേപോലെ, ഊർജോപയോഗം വലിയ തോതിൽ വെട്ടിക്കുറക്കാൻ സഹായിക്കുന്ന ഗംഭീരമായ ഒരു പുത്തൻ സാങ്കേതികവിദ്യ വികസിപ്പിച്ചു എന്നിരിക്കട്ടെ. എന്നാൽ അതിനു ആവശ്യമായ വമ്പിച്ച മുതൽമുടക്കു കാരണം ധനികർക്കു മാത്രം പ്രാപ്യമാണ് പ്രസ്തുത സാങ്കേതികവിദ്യയെങ്കിൽ അതിനും ബദൽ എന്ന പരിഗണന നല്കാനാവില്ല. (എന്നാൽ ഭാവിയിൽ മുതൽമുടക്ക് ചുരുക്കി പാവപ്പെട്ടവർക്കും അതിന്റെ ഗുണം ലഭ്യമാക്കാനുള്ള സാധ്യത നിലവിലുണ്ടെങ്കിൽ അതിനെ ബദൽ സാങ്കേതികവിദ്യ എന്ന നിലയിൽ കാണുകയും ചെയ്യാം).

അതിനാൽ ഇത്തരം തീരുമാനങ്ങളെയൊന്നും കണിശമായ വിധിനിഷേധങ്ങളായോ ധാർമികമായ അടിസ്ഥാനത്തിലുള്ള മാറ്റിനിർത്തലായോ കാണുന്നതിൽ പ്രസക്തിയില്ല. മറിച്ചു പരസ്പര സഹകരണത്തിനും സംഭാഷണത്തിനും പൊതുവായ ദർശനത്തിനും സഹായകമായ ചില പ്രായോഗിക മാനദണ്ഡങ്ങൾ എന്ന നിലയിൽ മാത്രമേ അവയെ കാണാനാവുകയുള്ളൂ. വികല്പസംഗം പ്രക്രിയയിൽ നടന്ന ചർച്ചകളിൽ വികസിച്ച ബദൽ ചട്ടക്കൂടു സംബന്ധിച്ച ഈ കുറിപ്പിന്റെ ഭാഗമായി ബദലുകളിലേക്കുള്ള മാറ്റത്തിന്റെ സൂചകമായ ഒരു രൂപരേഖയ്ക്കു രൂപം കൊടുക്കുകയുണ്ടായി. സംഘടനകളെയും അതിന്റെ ഭാഗമായ പ്രവർത്തനങ്ങളെയും എത്രമാത്രം സമഗ്രവും സംയോജിതവുമാണ് അവയെന്നു സ്വയം വിലയിരുത്താനും (അല്ലെങ്കിൽ എത്രമാത്രം വിഭജിതവും പരസ്പരവിരുദ്ധവുമാണ് അവയെന്ന് കണ്ടെത്താനും) അതിൽ അനിവാര്യമായ തിരുത്തലുകൾക്കു തയ്യാറാവാനും സഹായിക്കുകയാണ് പ്രസ്തുത രേഖയുടെ ലക്ഷ്യം.

മുകളിൽ പറഞ്ഞ ലക്ഷ്യങ്ങളും അതിനു സഹായകമായ നിലയിലുള്ള ഇനി വിവരിക്കുന്ന തത്വങ്ങളും മൂല്യങ്ങളും പലതരത്തിലുള്ളതും വ്യത്യസ്തവുമായ മാനകങ്ങൾക്കു (പ്രാദേശികവും ആഗോളവും, വ്യക്തിഗതവും സാമൂഹികവും ജൈവലോക തലവും എന്നിങ്ങനെ) വിധേയമാണ് എന്നതും ഇവിടെ കണക്കിലെടുക്കുന്നുണ്ട്. അതേപോലെ കാലഗണന സംബന്ധിച്ച വ്യത്യസ്ത പരിഗണനകൾക്കും മാനകങ്ങൾക്കും (താല്കാലികവും ദീർഘകാലികവും; രേഖീയം, ചാക്രികം, സർപ്പിളം എന്നിങ്ങനെ വിവിധ കാലസങ്കല്പങ്ങൾക്കും) അവ വിധേയമാണ് എന്നതും ഇവിടെ കണക്കിലെടുക്കുന്നു.

നിലവിലെ വ്യവസ്ഥയ്ക്കുള്ള അടിസ്ഥാനപരമായ ബദൽ എന്ത് എന്നതിനെ കുറിച്ചുള്ള ചർച്ചകൾക്ക് സഹായകമായ പൊതുതത്വം എന്ന നിലയിൽ മാത്രമാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ പ്രസക്തമാകുന്നത്.

3

# ബദലുകളിൽ ഉന്നയിക്കപ്പെടുന്ന തത്വങ്ങൾ എന്തൊക്കെ?



പ്രായോഗികവും താത്വികവുമായ തലങ്ങളിലുള്ള ബദലുകൾ തമ്മിൽത്തമ്മിൽ വലിയ വൈവിധ്യങ്ങളുണ്ട്. ഒരിടത്തു പ്രയോഗിച്ച അതേ രീതിയിൽ അവയിലൊന്നും മറ്റൊരിടത്തു വീണ്ടും പുനർനിർമിക്കാൻ സാധ്യമല്ല. കാരണം പ്രാദേശിക വൈവിധ്യങ്ങൾ അത്രയേറെയാണ്. ബൃഹത് തല പരിവർത്തനങ്ങൾക്കു സാധ്യമാകുന്ന വിധം വലിയ നിലയിൽ മുൻകൈകൾ ആവർത്തിക്കുന്നതിനായി അനുകരണം വഴിയോ ക്ളോണിങ് പോലുള്ള രീതികൾ വഴിയോ സാധ്യമല്ല. അപ്പ്സ്കേലിങ് (ബൃഹത് മാനകം) എന്നറിയപ്പെടുന്ന പ്രക്രിയ വഴി (സർക്കാരും കോർപ്പറേറ്റുകളും ചില പൊതുസമൂഹ പ്രസ്ഥാനങ്ങൾ പോലും നടത്തുന്ന രീതിയിൽ) കൂടുതൽ കൂടുതൽ വിപുലമായ തോതിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചാലും ഉദ്ദേശിച്ച ഫലം ലഭിക്കുകയില്ല. അത്തരം സംരംഭങ്ങൾ കാലക്രമത്തിൽ തീർത്തും ഉദ്യോഗസ്ഥ മേധാവിത്വപരവും അതിന്റെ യഥാർത്ഥ മൂല്യങ്ങളിൽ നിന്നും അന്യവൽകൃതവുമായ ഒരു പ്രക്രിയയായി അവസാനിക്കും. മറിച്ചു ഔട്ട്സ്കേലിങ് (ബഹിർമാനകം) എന്നറിയപ്പെടുന്ന പ്രക്രിയയായിരിക്കും കൂടുതൽ മെച്ചപ്പെട്ട ഫലങ്ങൾക്കു അഭികാമ്യം. പരിവർത്തന പ്രക്രിയയുടെ സുപ്രധാനമായ മൂല്യങ്ങളും അവയുടെ പ്രവർത്തനരീതിയും മനസ്സിലാക്കി, മറ്റിടങ്ങളിൽ അവയെ അതാതു പ്രദേശത്തിനു യോജിച്ച രീതിയിലുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് നടപ്പാക്കുകയാവും കൂടുതൽ അഭികാമ്യമായ മാതൃക. തിരശ്ചീന (ഹൊറിസോണ്ടൽ) തലത്തിൽ പ്രവർത്തിക്കുന്ന മറ്റു സമാന്തര പ്രസ്ഥാനങ്ങളുമായി ബന്ധങ്ങൾ സ്ഥാപിക്കുകയും ഫലപ്രദമായ കൂട്ടുകെട്ടുകൾ രൂപീകരിക്കുകയും ചെയ്തുകൊണ്ട് വിപുലമായ തലങ്ങളിലേക്കു പ്രവർത്തനം വ്യാപിപ്പിക്കാൻ സാധിക്കും. ഓരോ മുൻകയ്യും അതിന്റെ പ്രത്യേകതകളും സവിശേഷ രൂപങ്ങളും കൈമോശം വരാതെ തന്നെ പ്രവർത്തന മേഖലയിൽ വൈപുല്യം കൈവരിക്കാൻ അതാണ് ഏറ്റവും ഫലപ്രദമായ മാർഗം. ഡീപ്സ്കേലിങ് അഥവാ ആഴത്തിൽ പോകൽ എന്ന പ്രക്രിയയും ഇവിടെ പ്രധാനമാണ്. ഓരോ മുൻകയ്യും ആഴത്തിൽ വേരുപിടിക്കാൻ ആവശ്യമായ നിലയിലുള്ള മുന്നൊരുക്കങ്ങൾ സ്വീകരിക്കലാണത്. പരിവർത്തന പ്രക്രിയയിൽ കാലദേശങ്ങൾക്കു അനുസരിച്ചു ഇണങ്ങിച്ചേരാനും പുതിയ പാഠങ്ങൾ പഠിക്കാനും വിശാലമായ തലത്തിൽ ബന്ധങ്ങൾ വളർത്താനും അനിവാര്യമായ സമയവും സൗകര്യവും അതിലൂടെ ലഭ്യമാകും.

പരിവർത്തനത്തിനായുള്ള വിവിധ മുൻകൈകളുടെ ശൃംഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഘടകമെന്താണ്? പൊതുവിൽ അംഗീകരിക്കപ്പെട്ട മൂല്യങ്ങളുടെയും തത്വങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ട പൊതുലക്ഷ്യങ്ങൾ അങ്ങനെയൊരു കൂട്ടായ്മയ്ക്കു ഒരുപക്ഷേ സഹായകമാവുമോ? അതേക്കുറിച്ചാണ് ഇനി പരിശോധിക്കാൻ ശ്രമിക്കുന്നത്.

ബദലുകൾക്കു വേണ്ടിയുള്ള അന്വേഷണം എന്നതു നിതാന്തവും നിരന്തരമായി ആവർത്തിക്കുന്നതുമായ ഒരു പ്രക്രിയയാണെന്ന കാര്യവും ഓർമ വേണം. പുതിയ പരിതസ്ഥിതികൾ പുതിയ തരത്തിലുള്ള പ്രതികരണങ്ങൾ അനിവാര്യമാക്കും. അതിനാൽ ബദലുകൾ നിരന്തരമായി മാറുകയും രൂപാന്തരം പ്രാപിക്കുകയും ചെയ്തുകൊണ്ടിരിക്കും. ബദൽ അന്വേഷണത്തിനു ഒരു അന്തിമനിമിഷമില്ല എന്നതാണ് സത്യം.

ബദലുകൾക്കു വേണ്ടിയുള്ള ശ്രമങ്ങളും പരിവർത്തന മുന്നേറ്റങ്ങളും അതിൽ ഉൾപ്പെട്ടവർ നടത്തുന്നതും അതിനെ മറ്റുള്ളവർ നോക്കിക്കാണുന്നതും തങ്ങളുടേതായ വ്യത്യസ്ത ലോകവീക്ഷണങ്ങളുടെ പശ്ചാത്തലത്തിലാണ്. ലോകത്തു ഓരോരുത്തരും സ്വന്തം സ്ഥാനം എന്തെന്നു എങ്ങനെ കാണുന്നു എന്നതും മറ്റു മനുഷ്യരോടും പ്രകൃതിയോടും അവരുടെ ബന്ധങ്ങൾ എങ്ങനെയുള്ളതാണ് എന്നതും സ്വത്വം സംബന്ധിച്ച അവരുടെ കാഴ്ചപ്പാടുകൾ എന്താണ് എന്നതും അടക്കമുള്ള നിരവധി ഘടകങ്ങളെയും വ്യക്തികളുടെ ആത്മീയവും നൈതികവുമായ നിലപാടുകളെയുമൊക്കെ ആശ്രയിച്ചാണ് ഓരോരുത്തരുടെയും സവിശേഷ ലോകവീക്ഷണം രൂപപ്പെടുന്നത്. അത്തരം ലോകവീക്ഷണങ്ങളിൽ അന്തർലീനമോ അവയിൽ നിന്നും ഉൽഭൂതമാകുന്നതോ ആയ ചിന്തകളിൽ നിന്നുമാണ് ബദലുകൾ സംബന്ധിച്ച ആശയങ്ങൾ വികസിക്കുന്നത്. അതേസമയം ഏകതാനമായ സമൂഹങ്ങളിൽ പോലും ഭിന്ന ലോകവീക്ഷണങ്ങൾ വികസിക്കുന്നതു സാധ്യമാണ് എന്ന കാര്യവും ഓർക്കണം. ലിംഗം, വർഗം, ജാതി, വംശീയത, പ്രായം, മറ്റു ഘടകങ്ങൾ എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ പോലും ഇത്തരം കാര്യങ്ങളിൽ ഭിന്ന വീക്ഷണങ്ങൾ രൂപപ്പെടുന്നത് സ്വാഭാവികമാണ്.

എന്നിരുന്നാലും, ബദൽ മുൻകൈകളെ സംബന്ധിച്ച ഏറ്റവും നിർണായകവും പൊതുവിൽ അംഗീകാരമുള്ളതുമായ തത്വങ്ങൾ നിർധാരണം ചെയ്തെടുക്കുക എന്നതു പ്രായോഗികമാണ്. താഴെ വിവരിക്കുന്നത് അത്തരം മൂല്യങ്ങൾ/തത്വങ്ങൾ സംബന്ധിച്ച

പ്രാഥമികമായ ഒരു പട്ടികയാണ്. അവയോരോന്നും മറ്റൊന്നിൽ നിന്നും തീർത്തും വ്യതിരിക്തമായി നിലകൊള്ളുന്നവ ആവണമെന്നില്ല. കാരണം അവയെല്ലാം പരസ്പരബന്ധിതവും പലപ്പോഴും കൂടിക്കുഴഞ്ഞു കിടക്കുന്നവയുമാണ്. അതിനാൽ ഈ പട്ടികയും അതുമായി ബന്ധപ്പെട്ട വിവരണങ്ങളും നിരന്തരം വികസ്വരമായ ഒരു പ്രക്രിയയുടെ ഭാഗമായി കണക്കാക്കണം.

ഇവിടെ വിവരിച്ച തത്വങ്ങൾക്കും മൂല്യങ്ങൾക്കും അപ്പുറം ഒരുപക്ഷേ അവയേക്കാൾ പ്രധാനമായ പല തത്വങ്ങളും മൂല്യങ്ങളും ലോകത്തു നിലവിലുണ്ടെന്നു ഞങ്ങൾ മനസിലാക്കുന്നു. ഇനി വിവരിക്കുന്ന പൊതുതത്വങ്ങൾക്കും അടിത്തറയായി വർത്തിക്കുന്നത് അത്തരം മൂല്യങ്ങളാണ്; അനുകമ്പ, സഹാനുഭൂതി, സത്യസന്ധത, ധർമബോധം, കളങ്കരാഹിത്യം, സഹിഷ്ണുത, ഉദാരത, പരിചരണശ്രദ്ധ തുടങ്ങിയ മൂല്യങ്ങൾ അവയിൽ ഉൾപ്പെടുന്നു. മിക്ക ആത്മീയ പാരമ്പര്യങ്ങളിലും മതേതര മൂല്യസങ്കല്പത്തിലും അവയെല്ലാം പ്രധാനമായി കണക്കാക്കപ്പെടുന്നുണ്ട്. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന മൂല്യങ്ങളുടെ കേന്ദ്രഭാഗമായി അവയെക്കൂടി പരിഗണിക്കേണ്ടതു പ്രധാനമാണ്.

**പാരിസ്ഥിതിക സമഗ്രതയും പ്രകൃതിയുടെ അവകാശങ്ങളും:**
പാരിസ്ഥിതികവും പാരിസ്ഥിതിക പുനരുജ്ജീവനപരവുമായ വിവിധ പ്രക്രിയകളുടെ ക്രിയാത്മകമായ സമഗ്രത ഉറപ്പാക്കലും (പ്രത്യേകിച്ചും ആഗോള തലത്തിൽ തന്നെ ശുദ്ധജല സ്രോതസ്സുകളുടെ സംരക്ഷണത്തിൽ) ആവാസ വ്യവസ്ഥ, ജൈവസമൂഹ വൈവിധ്യം എന്നിവയെ ഭൂതലത്തിൽ ജീവന്റെ അടിസ്ഥാനമായി അംഗീകരിച്ചു കൊണ്ടുള്ള നടപടികൾ സ്വീകരിക്കലും;

പ്രകൃതിയുടെയും ജീവജാലങ്ങളുടെയും (വന്യവും ഗാർഹികവും) ഭൂതലത്തിൽ നിലനിൽക്കാനും തങ്ങളുടെ സവിശേഷ സാഹചര്യങ്ങളിൽ വളരാനും വികസിക്കാനുമുള്ള അവകാശം[2] അംഗീകരിക്കലും 'ജീവജാലങ്ങളുടെ പൊതുസമൂഹം' എന്ന പരികല്പനയെ ബഹുമാനിക്കലും അതിനെ അംഗീകരിച്ചു ആദരിക്കലും; (പ്രകൃതിയിൽ സംഭവിക്കുന്ന സ്വാഭാവിക വംശനാശ പ്രക്രിയയും ജീവവംശങ്ങളുടെ പരിണാമ പ്രക്രിയയും അംഗീകരിക്കുന്നതും സ്വന്തം നിലനില്പിനായി മാനവസമൂഹം പ്രകൃതിയെ ഉപയോഗിക്കുന്നത് അതിന്റെ സ്വാഭാവികമായ അതിജീവന അവകാശങ്ങൾക്കു വിഘാതമായി കാണാവുന്നതല്ല എന്ന വസ്തുത കണക്കിലെടുക്കുന്നതും പ്രധാനമാണ്.)

**തുല്യത, നീതി, ഉൾക്കൊള്ളൽ (സമാവേശ്), അഭിഗമ്യത (സമത):**
മാനവിക ക്ഷേമത്തിന് അനിവാര്യമായ സൗകര്യങ്ങൾ (സാമൂഹികവും സാംസ്കാരികവും, സാമ്പത്തികം, രാഷ്ട്രീയം, പാരിസ്ഥിതികം, മാനസികം) ഒരുക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളിലും അത്തരം സന്ദർഭങ്ങളിലും എല്ലാ മനുഷ്യർക്കും അതിൽ തുല്യ അവസരവും തീരുമാനം എടുക്കുന്ന പ്രക്രിയയിൽ നിലവിലേയും ഭാവിയിലെയും എല്ലാ തലമുറകൾക്കും അവകാശവും പങ്കാളിത്തവും ഉറപ്പാക്കൽ; അത്തരം സന്ദർഭങ്ങളിൽ മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കൽ; ലിംഗം, വർഗം, ജാതി, വംശീയത, ഗോത്രം തുടങ്ങിയ പരിഗണനകൾ ഏതുമില്ലാതെ സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക നീതി ഉറപ്പുവരുത്തൽ; (ശാരീരിക/ മാനസിക/ സാമൂഹിക 'അവശത'കളുടെ പേരിൽ ഇന്ന്പാർശ്വവത്കരിക്കപ്പെട്ടു കിടക്കുന്ന വിഭാഗങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുകയും അവർക്കു പ്രാതിനിധ്യം നൽകുകയും ചെയ്യുന്നതിൽ പ്രത്യേകം ശ്രദ്ധ നൽകൽ); കുടുംബങ്ങൾക്ക് ഉള്ളിലെ അനീതിപരവും പക്ഷപാതപരവുമായ ബന്ധങ്ങൾ സംബന്ധിച്ച അവബോധവും അവ നീക്കം ചെയ്യാനുള്ള ശ്രമങ്ങളും.

**അർഥപൂർണമായ പങ്കാളിത്തം സംബന്ധിച്ച അവകാശവും അതിനുള്ള ഉത്തരവാദിത്വവും (സഹഭാഗിത):**
ഓരോ വ്യക്തിക്കും ഓരോ സമൂഹത്തിനും കർതൃത്വം എന്ന അവകാശം ഉണ്ടെന്നു അംഗീകരിക്കൽ; അതായതു തങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളിലും അർഥപൂർണമായ രീതിയിൽ പങ്കാളിത്തം അനുഭവിക്കാനുള്ള അവരുടെ അവകാശം അംഗീകരിക്കൽ; മൗലികമായ പങ്കാളിത്ത ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി ഉറപ്പു നൽകപ്പെടുന്ന അത്തരം അവകാശങ്ങൾ വിനിയോഗിക്കാനുള്ള ശക്തി സംഭരിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കൽ. ഈ അവകാശങ്ങൾക്കു സമാന്തരമായി, പാരിസ്ഥിതിക സുസ്ഥിരത, തുല്യതയും നീതിയും എന്നീ ദ്വിമുഖ തത്വങ്ങളുടെ അടിസ്ഥാനത്തിൽ അർത്ഥപൂർണമായ തീരുമാനങ്ങൾ കൈക്കൊള്ളാനുള്ള ഓരോ വ്യക്തിയുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വവും ഇവിടെ അടിവരയിടപ്പെടുന്നു.

[2] അടിക്കുറിപ്പ് 7 നോക്കുക.

**വൈവിധ്യവും ബഹുസ്വരതയും (വിവിധത):** പരിസ്ഥിതിയും ജൈവവ്യവസ്ഥയും, ജീവിവർഗങ്ങൾ, ജീനുകൾ (വന്യവും ഗാർഹികവും), സംസ്കാരങ്ങൾ, ജീവിതരീതികൾ, ജ്ഞാന-വിജ്ഞാന സംവിധാനങ്ങൾ, മൂല്യങ്ങൾ, ജീവനോപാധികൾ, പരിപ്രേക്ഷ്യങ്ങൾ, രാഷ്ട്രീയ സംവിധാനങ്ങൾ (ആദിവാസി സമൂഹങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും യുവജനങ്ങളുടെയും അടക്കം) എന്നിവയുടെയൊക്കെ വൈവിധ്യം സംബന്ധിച്ച അവബോധവും അതിനോടുള്ള ബഹുമാനവും; അവയെല്ലാം പരിസ്ഥിതിക സുസ്ഥിരത, നീതിയും തുല്യതയും എന്നീ മൂല്യങ്ങൾക്ക് അനുസൃതമായി വർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തൽ.

**പൊതുസംവിധാനങ്ങളും ഐക്യവും വ്യക്തിസ്വാതന്ത്ര്യവുമായി സമതുലനം നേടൽ (സാമുദായികത):** സാമൂഹിക-സാംസ്കാരിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലയിലെ പൊതു ഇടങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവായതും സഹകരണാത്മകവുമായ ചിന്തയും പ്രവൃത്തിയും (സ്വകാര്യസ്വത്തു സമ്പ്രദായത്തിൽ നിന്നുമുള്ള അകൽച്ച പാലിക്കൽ); അവയുടെ പൊതു പരിപാലനം സംബന്ധിച്ച തത്വങ്ങളോടുള്ള ബഹുമാനത്തോടൊപ്പം വ്യക്തിയുടെ സ്വാതന്ത്ര്യവും തെരഞ്ഞെടുക്കാനുള്ള അവകാശവും (വേറിട്ടു നിൽക്കാനുള്ള അവകാശം അടക്കം) അംഗീകരിക്കൽ; ഓരോ സമൂഹത്തിലും നൂതന പരീക്ഷണങ്ങൾക്കുള്ള അവസരമൊരുക്കൽ; വ്യക്തികളുടെയും സമൂഹങ്ങളുടെയും ഐക്യവും ഭദ്രതയും ഉറപ്പാക്കൽ; അതിനായി പരസ്പര ക്ഷേമവും പങ്കിടലും പൊതുവായ ഉത്തരവാദിത്വങ്ങളും അടിസ്ഥാനമാക്കിയ വ്യക്തിതല-സാമൂഹികതല ബന്ധങ്ങൾ സ്ഥാപിക്കൽ.

**നൈസർഗ്ഗികതയും ഇണങ്ങിച്ചേരലും** മാറുന്ന സാഹചര്യങ്ങളോടു പ്രതികരിക്കാനും അതിനോട് ഇണങ്ങിച്ചേർന്നു ജീവിക്കാനും പാരിസ്ഥിതികമായ സുസ്ഥിരതയും തുല്യതയും കൈവരിക്കാനും ഉള്ള ശേഷി വിവിധ സമൂഹങ്ങളും മാനവരാശി ഒന്നാകെത്തന്നെയും കൈവരിക്കുന്നതു ആഭ്യന്തരവും അല്ലാത്തതുമായ മാറ്റത്തിന്റെ ശക്തികളുടെ മുന്നിൽ അത്തരം പരിവർത്തനങ്ങൾക്കു വിധേയമാകാനുള്ള പ്രകൃതിയുടെ നൈസർഗിക ശേഷിയുടെ[3] പശ്ചാത്തലത്തിലും അതിനെ ബഹുമാനിച്ചു കൊണ്ടുമാണ്. വ്യത്യസ്ത തലമുറകൾക്കിടയിൽ മൂല്യങ്ങളുടെയും മുൻഗണനകളുടെയും മാറ്റങ്ങൾക്കിടയിലും വിപുലമായ സാമ്പത്തിക-രാഷ്ട്രീയ സംവിധാനങ്ങളുടെ പരിവർത്തനങ്ങൾക്കിടയിലും ബദലുകൾക്കു വേണ്ടിയുള്ള അന്വേഷണങ്ങൾ തുടർന്നു പോകൽ സാധ്യമാകണം.

**സ്വാശ്രയത്വം, സ്വയം സമൃദ്ധി, സ്വദേശി[4]:** സ്വയംഭരണത്തിന്റെ അടിസ്ഥാന ഘടകമായി കണക്കാക്കപ്പെടുന്നത് ഗ്രാമീണ മേഖലയിലും നഗര പ്രദേശങ്ങളിലുമുള്ള സാമൂഹിക കൂട്ടായ്മകളാണ് (അവ അതിലെ ഓരോ അംഗങ്ങൾക്കും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ നേരിട്ടു ഭാഗഭാക്കാകാൻ സാധ്യമാകും വിധം പരിമിതമായ അംഗസംഖ്യ മാത്രം ഉള്ളതായിരിക്കണം); ആരോഗ്യം, വിദ്യാഭ്യാസം/ജ്ഞാനസമ്പാദനം തുടങ്ങിയ അടിസ്ഥാന മേഖലകളിൽ അവ സ്വയംപര്യാപ്തവും ആയിരിക്കണം; ജൈവപരവും പരിസ്ഥിതിപരവുമായി അവ പ്രാദേശികതലത്തിൽ പരസ്പര ബന്ധിതവും തുടർന്ന് ഭൂപ്രകൃതി, പ്രാദേശിക, ദേശീയ, അന്തർദേശിയ സംവിധാനങ്ങളുടെ ശൃഖലയിലൂടെ വിപുലീകൃതവും ആയിരിക്കും; മേൽത്തട്ടിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾ ഓരോന്നും കീഴ്ത്തട്ടിലെ അടിസ്ഥാന ഘടകങ്ങളോടു ഉത്തരവാദിത്വം ഉള്ളവയായിരിക്കും. ('സ്വാശ്രയത്വം' എന്നതു കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് അടിസ്ഥാന ആവശ്യങ്ങളുടെ[5] നിർവഹണത്തിന് പരമാവധി അതാതു പ്രദേശങ്ങളിൽ തന്നെ സൗകര്യം ഒരുക്കുക എന്നതാണ്; പ്രാദേശികമായി ലഭ്യമല്ലാത്ത ആവശ്യങ്ങൾക്കും സൗകര്യങ്ങൾക്കും വേണ്ടി മറ്റു പ്രദേശങ്ങളെ ആശ്രയിക്കാനുള്ള അവകാശവും അതിൽ ഉൾപ്പെടുന്നു. ഇത് ഭരണകൂടങ്ങൾ ഉറപ്പാക്കുന്ന കേന്ദ്രീകൃത ഉല്പാദന-വിതരണ സംവിധാനത്തിൽ നിന്നും വ്യത്യസ്തമാണ്).

---

[3] നൈസർഗികശേഷി എന്നതു കൊണ്ട് ഞങ്ങൾ ഉദ്ദേശിക്കുന്നത് പ്രതിസന്ധികളെ അതിജീവിക്കാനുള്ള ഉത്തരവാദിത്വം വ്യക്തിയിൽ മാത്രം ചുമത്തുകയും അത്തരം ശേഷി കൈവരിക്കാൻ വ്യക്തികൾക്കു സഹായം നൽകാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും നിലവിലെ സാമൂഹിക സംവിധാനങ്ങളെ ഒഴിവാക്കുകയും ചെയ്യുന്ന സമീപനങ്ങളെയല്ല. വ്യക്തികളും സമൂഹങ്ങളും അത്തരം അതിജീവന ശേഷി കൈവരിക്കുന്നതിൽ വിപുലമായ സാമൂഹിക സംവിധാനങ്ങൾക്ക് ഉത്തരവാദിത്വവും ചുമതലയുമുണ്ട് എന്നാണ് ഇവിടെ ഊന്നിപ്പറയുന്നത്.

[4] സ്വാശ്രയത്വത്തിന്റെ അടിസ്ഥാനമായ പ്രാദേശിക ഉല്പാദന പ്രക്രിയയാണ് ഇവിടെ ഉദ്ദേശിക്കുന്നത്; മറിച്ചു വലതുപക്ഷ പ്രസ്ഥാനങ്ങൾ ഉന്നയിക്കുന്ന തരത്തിലുള്ള തീവ്രദേശീയവാദത്തിൽ അധിഷ്ഠിതമായ വൈദേശിക വിരോധവും വിദേശോല്പന്ന വിരോധവുമില്ല.

[5] ഭക്ഷണം, ജലം, പാർപ്പിടം, ശുചീകരണം, വസ്ത്രധാരണം, വ്യക്തിഗത സുരക്ഷ, ജ്ഞാനസമ്പാദനം/വിദ്യാഭ്യാസം, ആരോഗ്യം, ജീവനോപാധി എന്നിവയാണ് അതിൽ ഉൾപ്പെടുന്നത്.

**സ്വയംഭരണം, പരമാധികാരം (സ്വരാജ്, സ്വശാസൻ):**
സ്വയംഭരണത്തിനും സ്വാശ്രയത്വത്തിനും ആവശ്യമായ പൊതുവായ അവകാശങ്ങളും കഴിവുകളും ജനങ്ങൾ, സമൂഹങ്ങൾ എന്നീ നിലകളിൽ സ്വായത്തമാക്കൽ; അതിൽ പ്രദേശങ്ങളുടെ മേലുള്ള അവകാശവും അതാതു പ്രദേശത്തെ ജനങ്ങളുടെ അധിവാസ മേഖലയിലെ പ്രകൃതി വിഭവങ്ങളുടെ മേലുള്ള നിയന്ത്രണവും ഉൾപ്പെടുന്നു; മൗലികവും നേരിട്ടുള്ളതുമായ ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി നിലവിൽ വരുന്ന സംവിധാനങ്ങളുടെ മേലുള്ള നിയന്ത്രണവും അതിൽ ഉൾപ്പെടുന്നു.

**ലാളിത്യവും പര്യാപ്തതയും - ദുരയല്ല, ആവശ്യങ്ങളാണ് പ്രധാനം**
ജീവിതത്തിനും ജീവന സൗകര്യങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ വിഭവങ്ങളിൽ മാത്രം ആശ്രയിച്ചു ജീവിക്കുകയും അതിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്യുക; ജീവനോപാധികൾ പാരിസ്ഥിതികമായ സുസ്ഥിരത ഉറപ്പാക്കുന്നതും നീതിയുക്തവുമാണ് എന്ന് ഉറപ്പു വരുത്തുക (ഇതിനെ അപരിഗ്രഹഃ എന്നു വിശേഷിപ്പിക്കാം); ആവശ്യമുള്ളതും ആഗ്രഹിക്കുന്നതും തമ്മിലുള്ള വ്യത്യാസങ്ങൾ സംബന്ധിച്ച കാര്യങ്ങളിൽ കൃത്യമായ ഒരു വിലയിരുത്തൽ നമുക്ക് അനിവാര്യമാണ്...

**തൊഴിൽ, ജോലി/നൂതന സംരംഭങ്ങൾ എന്നിവയുടെ അന്തസ്സും ക്രിയാത്മകതയും:**
ശാരീരികവും മാനസികവുമായ എല്ലാ തരത്തിലുള്ള തൊഴിലുകളോടുമുള്ള ബഹുമാനം; അവയിൽ ഒന്ന് മറ്റൊന്നിനേക്കാൾ മെച്ചം എന്ന വിവേചനം ഒഴിവാക്കൽ; കായിക പ്രവൃത്തികളുടെയും കുടുംബത്തിലെ അംഗങ്ങളും സ്ത്രീകളും നിർവഹിക്കുന്ന വേതനമില്ലാ പ്രവൃത്തികളുടെയും അവർ നൽകുന്ന പരിചരണ സേവനങ്ങളുടെയും പ്രാധാന്യം കണ്ടറിഞ്ഞു അവയെ അംഗീകരിക്കൽ; ഏതെങ്കിലും പ്രത്യേക തൊഴിലോ സേവനമോ സ്ത്രീകൾ/ജാതി വിഭാഗങ്ങൾ എന്നിവരുടെ പ്രത്യേക ഉത്തരവാദിത്വം എന്ന നിലയിലുള്ള കാഴ്ചപ്പാട് അവസാനിപ്പിക്കൽ; എല്ലാത്തരം തൊഴിലുകളും അന്തസ്സുള്ളതും സുരക്ഷിതവും ചൂഷണ വിമുക്തവും ആണെന്ന് ഉറപ്പു വരുത്തൽ (വിഷമയവും ആപത്കരവുമായ പ്രവൃത്തികൾ നിർത്തിവയ്ക്കൽ അടക്കം); തൊഴിലിൽ ഏർപ്പെടുന്ന സമയത്തിൽ കുറവു വരുത്തൽ; "തൊഴിൽ", "വിശ്രമം" എന്ന മട്ടിലുള്ള ദ്വിമുഖത്വം ഒഴിവാക്കി എല്ലാവിധ പ്രവർത്തനങ്ങളും കൂടുതൽ ക്രിയാത്മകവും സന്തോഷപ്രദവുമായ പ്രവർത്തികളാക്കി പരിവർത്തിപ്പിക്കുന്നതിനു ആവശ്യമായ നീക്കങ്ങൾ നടത്തൽ; എല്ലാ പ്രവർത്തനങ്ങളിലും അന്വേഷണത്തിന്റെയും പുതു മേഖലകൾ തേടാനുള്ള ഉത്സുകതയുടെയും ഘടകങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ.

**അഹിംസ, ഐക്യം, സമാധാനം, സഹവർത്തിത്വം, പരസ്പരാശ്രിതത്വം:**
മറ്റുള്ളവരുടെ ശാരീരിക, മാനസിക, ആത്മീയ ക്ഷേമത്തിനു പ്രാധാന്യം നൽകുന്ന രീതിയിൽ അവരോടുള്ള പെരുമാറ്റത്തിലും സമീപനരീതിയിലും മാറ്റങ്ങൾ കൊണ്ടുവരാനുള്ള ശ്രമങ്ങൾ; മറ്റുള്ളവർക്കു ഏതെങ്കിലും വിധേന ദോഷം വരുന്നത് ഒഴിവാക്കാനുള്ള ശ്രദ്ധയും ഔൽസുക്യവും; വ്യക്തികൾക്കിടയിലും സമൂഹത്തിലും സമാധാനവും ഐക്യവും കൈവരുത്താനുള്ള അന്തരീക്ഷം സംജാതമാക്കൽ. ഭക്ഷണം, ജലം, ഊർജം തുടങ്ങിയ വിഭവങ്ങളുടെ ദുർവ്യയവും ഉത്തരവാദിത്വരഹിതമായ ഉപയോഗവും സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടു കാണിക്കുന്ന ഹിംസയായി കണക്കാക്കി അതിനെ നിർമാർജനം ചെയ്യൽ.

**ഉത്പാദനത്തിലും ഉപഭോഗത്തിലും കാര്യക്ഷമത പാലിക്കൽ:**
മാനവശേഷി അടക്കമുള്ള പ്രകൃതിയിലെ വിഭവങ്ങളും പ്രകൃതിയിൽ നിന്നുള്ള മൂലകങ്ങളും ധാതുക്കളും ഉപയോഗിക്കുന്നതിൽ കാര്യക്ഷമത പാലിക്കൽ; അത്തരം കാര്യങ്ങളിൽ ദുർവ്യയം പൂർണമായും ഒഴിവാക്കുകയോ അല്ലെങ്കിൽ പരമാവധി ചുരുക്കുകയോ ചെയ്യൽ (കുടുസ്സായ ഉല്പാദനക്ഷമത; നാരോ പ്രൊഡക്ടിവിറ്റി എന്ന ആധുനിക വ്യാവസായിക സമൂഹത്തിലെ സമീപനത്തിൽ നിന്നും വ്യത്യസ്തമായ ഒന്നാണിത്).

**അന്തസ്സും വിശ്വാസവും**
ലൈംഗികത, വംശീയത, വർഗം, ജാതി, പ്രായം തുടങ്ങിയ പരിഗണനകൾ കൂടാതെ അന്തസ്സോടെയും വിശ്വാസപൂർവവും മറ്റുള്ളവരോടു പെരുമാറുന്നതിന്റെ പ്രാധാന്യം ഉറപ്പാക്കുകയും അതിനെ ബഹുമാനിക്കുകയും ചെയ്യൽ; ധാർമികതയുടെ അടിസ്ഥാനത്തിൽ മാത്രം ഒരു വ്യക്തിയെ സംബന്ധിച്ച മുൻവിധികൾ രൂപീകരിക്കുന്നത് ഒഴിവാക്കൽ.

**ഉല്ലാസം**
ജീവിതത്തിന്റെ എല്ലാ മേഖലകളിലും സന്തോഷം, സന്തുഷ്ടി, ലാളിത്യം തുടങ്ങിയ മൂല്യങ്ങൾക്കു പ്രാധാന്യം നൽകൽ; മറ്റുള്ളവർക്ക് ദോഷം വരുത്തുന്ന പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞുനിൽക്കൽ.

## 4

# ജീവിതത്തിന്റെ വിവിധ മേഖലകളിൽ/പ്രദേശങ്ങളിൽ/വിഷയങ്ങളിൽ ഉയർന്നുവരുന്ന ബദലുകൾ ഏതൊക്കെ?[6]



[6] വികൽപ് സംഗം വെബ്സൈറ്റിൽ (www.vikalpsangam.org) നൽകിയിരിക്കുന്ന പൊതുവായ നിർദേശങ്ങളിൽ നിന്നും സ്വീകരിച്ചതാണ് ഈ ഭാഗത്തു കാണുന്ന ആശയങ്ങൾ. അതിൽ വിവരിക്കാത്ത മറ്റു മേഖലകളും ആശയങ്ങളും ഇവിടെ കൂട്ടിച്ചേർക്കാവുന്നതാണ്.

**സമൂഹം, സംസ്കാരം, സമാധാനം**

മാനവ ജീവിതത്തിൽ സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങൾക്ക് പ്രാധാന്യം വർധിപ്പിക്കുന്നതിനു സഹായകമായ മുൻകൈകളിൽ ഇനി വിവരിക്കുന്നവ ഉൾപ്പെടുന്നു:

- സാംസ്കാരിക വൈവിധ്യത്തിന്റെയും ബഹുസ്വരതയുടെയും ഭാഗമായ പ്രക്രിയകളെയും സവിശേഷതകളെയും സംരക്ഷിക്കുകയും ദൃശ്യം, നാട്യം എന്നീ രൂപങ്ങളിലും മറ്റു തരത്തിലും ഉള്ളതുമായ വിവിധ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുകയും പുരോഗമനപരമായ രീതിയിൽ അവയെ ആവിഷ്കരിക്കുകയും ചെയ്യുക; രാജ്യത്തെ വൈവിധ്യമാർന്ന കരകൗശലവിദ്യകളെയും വംശനാശ ഭീഷണി നേരിടുന്നവയും ഇതിനകം തന്നെ അപ്രത്യക്ഷമായവയും ആയ ഭാഷകളെയും മറ്റു കലാരൂപങ്ങളെയും പുനരുജ്ജീവിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യുക;
- പാരിസ്ഥിതികവും സാമൂഹികവുമായി വിനാശകരമായ പ്രവർത്തനങ്ങളെ തടയുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നതിനായി സമരങ്ങളും ക്രിയാത്മക പ്രവർത്തനങ്ങളും സംഘടിപ്പിക്കുക; സാമൂഹികനീതിയും സമാധാനവും ഉറപ്പുവരുത്തുക, ജാതി, വർഗം, ലിംഗം, വംശീയത, സാക്ഷരത, ഗോത്രം, മതം, പ്രദേശം (ഗ്രാമം - നഗരം, സമീപസ്ഥവും വിദൂരവും) എന്നിങ്ങനെ വ്യത്യസ്ത കാരണങ്ങളാൽ ഉദയം ചെയ്യുന്നതും വിവിധ തരത്തിൽ പെട്ടതുമായ (കുടുംബത്തിൽ കാണുന്നവ മുതൽ സാമൂഹിക തലത്തിൽ അനുഭവപ്പെടുന്നവ വരെയുള്ള) അസമത്വങ്ങളും അനീതിയും ഇല്ലായ്മ ചെയ്യുകയും അവയുടെ ലക്ഷ്യമാകണം; വ്യത്യസ്ത വംശീയ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരും വ്യത്യസ്ത വിശ്വാസ - സംസ്കാര പാരമ്പര്യങ്ങൾ പിന്തുടരുന്നവരുമായ ജനങ്ങൾക്കിടയിൽ ഐക്യം സൃഷ്ടിക്കാനും നിലനിർത്താനും അവ പ്രയോജനപ്പെടണം; ബഹുസ്വരതയും വൈവിധ്യവും ബഹുമാനിക്കപ്പെടാനും നിലവിൽ പീഡിതരും ചൂഷിതരും സമൂഹത്തിൽ അരികുകളിലേക്കു തള്ളിമാറ്റപ്പെട്ടു കഴിഞ്ഞുകൂടുന്നവരും ആയ ജനവിഭാഗങ്ങൾക്കിടയിൽ—ശാരീരികമായ അവശതകൾ അനുഭവിക്കുന്നവരും ലൈംഗിക ന്യൂനപക്ഷങ്ങളും അടക്കം—അവരുടെ ജീവിതത്തിൽ അന്തസ്സ് നിലനിർത്തുന്നതിനും അത്തരം ശ്രമങ്ങൾ പ്രയോജനപ്പെടണം;
- വർദ്ധമാനമായ വെറുപ്പിന്റെയും അങ്ങനെയുള്ള വാക്കുകളുടെയും അന്തരീക്ഷത്തിൽ ഐക്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഇടങ്ങൾ പ്രോത്സാഹിപ്പിക്കുക; അത്തരം ഇടങ്ങൾ അപ്രത്യക്ഷമായ അവസരങ്ങളിൽ അവയെ പുനരുജ്ജീവിപ്പിക്കുക; പരസ്പരം അറിയലിന്റെയും സംഭാഷണത്തിന്റെയും ആയ പുതിയ തുറവികൾക്കു രൂപം കൊടുക്കുക; അതിലൂടെ സമൂഹത്തിലെങ്ങും വെറുപ്പിന്റെ ഭാഷണത്തിൽ നിന്നും അകൽച്ച സൃഷ്ടിക്കുക;
- നൈതികതയിൽ അടിയുറച്ച ജീവിതവും ചിന്തയും പ്രോത്സാഹിപ്പിക്കുന്നതിനു ലക്ഷ്യമിട്ടുള്ള പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുക; ലാളിത്യം, സത്യസന്ധത, സഹിഷ്ണുത, മിതവ്യയം തുടങ്ങിയ മൂല്യങ്ങൾക്കു പ്രചാരണം നൽകുക.

ജാതീയമോ വർഗീയമോ ലൈംഗികച്ചുവയുള്ളതോ അതേപോലെ സാമൂഹികതലത്തിൽ അനീതിയും അസമത്വവും വർധിപ്പിക്കുന്ന തരത്തിലുള്ളതോ അതിനു പ്രേരകമോ ആയവയും, സങ്കുചിത ദേശീയതയിലും മറ്റുള്ളവരുടെ സംസ്കാരങ്ങളോടും പാരമ്പര്യങ്ങളോടും അസഹിഷ്ണുത പുലർത്തുന്നവയുമായ മുന്നേറ്റങ്ങൾ, പ്രസ്ഥാനങ്ങൾ തുടങ്ങിയവയെ ബദലുകൾ എന്ന നിലയിൽ പരിഗണിക്കാവുന്നതല്ല.

**ബദൽ സമ്പദ്ഘടനകളും സാങ്കേതികവിദ്യകളും**

നിലവിൽ മേധാവിത്വം വഹിക്കുന്ന നവലിബറൽ അല്ലെങ്കിൽ ഭരണകൂട നിയന്ത്രിത സമ്പദ്ഘടനയ്ക്കും വികസനത്തിന്റെ 'യുക്തി'കൾക്കും ബദൽ എന്ന നിലയിൽ വികസിപ്പിക്കാവുന്ന ചില സംരംഭങ്ങളും പ്രവർത്തനങ്ങളും:

- ജനാധിപത്യപരമായ നിയന്ത്രണത്തിൽ സാമ്പത്തിക പ്രവർത്തനങ്ങളുടെ പ്രാദേശികവല്കരണവും വികേന്ദ്രീകരണവും; സൂക്ഷ്മതല - ചെറുകിട മേഖലയിൽ സാധ്യമാകുന്ന എല്ലാവിധ ഉല്പാദനവും സേവനങ്ങളും പ്രസ്തുത മേഖലകൾക്ക് സംവരണം ചെയ്യുന്നതിനു മുൻഗണന നൽകൽ;
- ഏതാനും ചില ഉല്പാദന മേഖലകളിൽ ഊന്നൽ നൽകുന്നതിനു പകരം വ്യത്യസ്തങ്ങളായ ജീവനോപാധികൾക്കു പ്രാമുഖ്യവും പിന്തുണയും നൽകൽ ('പ്രാഥമിക' മേഖലയിൽ പാരമ്പര്യ രീതികൾക്ക് പ്രാമുഖ്യം നൽകൽ അടക്കം; താഴെയുള്ള കുറിപ്പും നോക്കുക);

- ഉത്പാദക, ഉപഭോക്തൃ മേഖലകളിൽ കൂട്ടായ സംരംഭങ്ങൾ (സഹകരണ സംഘങ്ങൾ, കമ്പനികൾ എന്നിങ്ങനെ);
- പ്രാദേശിക നാണയ വ്യവസ്ഥയും വാണിജ്യവും, നാണയേതരമായ കൈമാറ്റ സംവിധാനം; വിഭവങ്ങൾ പരസ്പരം സമ്മാനിക്കുന്ന സംവിധാനം;
- പാരിസ്ഥിതികമായ തത്വങ്ങൾ അടിസ്ഥാനമാക്കി മുകളിൽ പറഞ്ഞ വിധമുള്ള വാണിജ്യവും സാമ്പത്തിക പ്രവർത്തനങ്ങളും കൂടുതൽ വിപുലമായ മേഖലകളിൽ വ്യാപിപ്പിക്കൽ;
- പരിസ്ഥിതി സൗഹൃദപരമായ ഉത്പന്നങ്ങളും ഉല്പാദന രീതികളും;
- പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള ഉല്പാദനവും ഉപഭോഗവും;
- പാരിസ്ഥിതികവും സാംസ്കാരികവുമായ സമഗ്രതയും സവിശേഷതകളും കണക്കിലെടുക്കുന്ന തരത്തിലുള്ള നൂതന സാങ്കേതികവിദ്യകളുടെ വികസനം;
- പാരിസ്ഥിതികമായ പരിമിതികളെ കണക്കിലെടുത്തു കൊണ്ടുള്ള ബൃഹത് സാമ്പത്തിക നയങ്ങൾ; വളർച്ചാനിരക്ക്, ജിഡിപി (മൊത്തം ദേശീയ ഉല്പാദനം) തുടങ്ങിയ ഇടുങ്ങിയ മാനകങ്ങൾക്കും സൂചകങ്ങൾക്കും അപ്പുറമുള്ളതും മാനവ ക്ഷേമത്തിൽ ഊന്നിയതുമായ വികസന സങ്കല്പം;
- അടിസ്ഥാന സൗകര്യ വികസനം അടക്കമുള്ള എല്ലാ മേഖലകളിലും ആസൂത്രണത്തിനും നിക്ഷേപത്തിനും പരിസ്ഥിതി സൗഹൃദപരവും സാമൂഹിക താല്പര്യങ്ങൾ സംരക്ഷിക്കുന്നതുമായ സംവിധാനങ്ങൾ.

ഉപരിപ്ലവപരവും വ്യാജവുമായ പരിഹാര നിർദേശങ്ങൾ ബദലുകൾ എന്ന പരിഗണന അർഹിക്കുന്നില്ല. ഉദാഹരണത്തിന് സാമൂഹികവും രാഷ്ട്രീയവുമായി ആഴത്തിൽ വേരുകളുള്ള പ്രശ്നങ്ങൾക്കു കമ്പോളപരവും സാങ്കേതികവുമായ തലങ്ങളിൽ നിർദേശിക്കപ്പെടുന്ന പരിഹാരങ്ങൾ. നിലവിലെ വ്യവസ്ഥയിൽ ചില ഉപരിപ്ലവ പരിഷ്കരണങ്ങൾ മാത്രം നിർദേശിക്കുന്ന അത്തരം രീതികളെ പൊതുവിൽ 'ഹരിത വികസനം', 'ഹരിത മുതലാളിത്തം' തുടങ്ങിയ പദാവലികൾ കൊണ്ടാണ് ഇന്നു വിശേഷിപ്പിച്ചു വരുന്നത്.

**ജീവനോപാധികൾ**

അന്തസ്സുള്ളതും പാരിസ്ഥിതിക സുസ്ഥിരത ഉറപ്പു നൽകുന്നതും അർത്ഥപൂർണവുമായ ജീവനോപാധികളും തൊഴിലുകളും സംബന്ധിച്ച അന്വേഷണത്തിൽ താഴെ പറയുന്ന വിഷയങ്ങൾ പരിഗണിക്കപ്പെടണം:

- കൃഷി, കന്നുകാലി പരിപാലനം, നാടോടി ജീവിതം, വനങ്ങളെ ആശ്രയിച്ച ജീവിതം, മൽസ്യബന്ധനം, കരകൗശല വേലകൾ എന്നിങ്ങനെ പ്രാഥമിക മേഖലയിൽ സമൂഹങ്ങൾ തുടർന്നുവരുന്ന പരമ്പരാഗതവും പുനർനിർമാണപരവുമായ വിവിധ ജീവനരീതികളും തൊഴിലുകളും അർഥപൂർണമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുകയും വികസിപ്പിക്കുകയും ചെയ്യൽ;
- ഉല്പാദന, സേവന മേഖലകളിൽ പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കുന്നതും അന്തസ്സാർന്നതുമായ വിവിധ തൊഴിലുകളിൽ ഉല്പാദകരും സേവനദാതാക്കളും തങ്ങളുടെ ഭാഗധേയത്തിന്റെ പൂർണ നിയന്ത്രണം പരിപാലിക്കുകയും അതിൽ നിന്നുള്ള ആദായം തുല്യനിലയിൽ വിതരണം നടത്തുകയും ചെയ്യുന്ന സംവിധാനം;
- ഇത്തരം ജീവനരീതികൾക്കു അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ—അതായതു ഭൂമി, ജലം, വനവിഭവങ്ങൾ, മറ്റു പാരിസ്ഥിതിക സൗകര്യങ്ങൾ തുടങ്ങിയവ—എല്ലാവർക്കും ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഉറപ്പാക്കൽ; നഗരങ്ങളിൽ വ്യത്യസ്ത തൊഴിലുകൾ പിന്തുടരാൻ ആവശ്യമായ സ്ഥലസൗകര്യവും സാമ്പത്തിക വിഭവങ്ങളും സാങ്കേതികവിദ്യയും ജ്ഞാന - വിജ്ഞാന സംവിധാനങ്ങളും ലഭ്യമാക്കൽ.

തൊഴിലുകളിൽ ഏർപ്പെടാത്ത വിഭാഗങ്ങൾ നിയന്ത്രണം കൈവശം വെക്കുന്നതോ തൊഴിലാളികളുടെ ചൂഷണം വഴി (സാമ്പത്തികമോ രാഷ്ട്രീയമോ ആയ) ലാഭം കയ്യടക്കുന്നതോ ആയ ജീവനോപാധികളും തൊഴിലുകളും—അവ പരമ്പരാഗതമോ ആധുനികമോ ആയാലും പാരിസ്ഥിതികമായ സുസ്ഥിരത അവ ഉറപ്പു വരുത്തുന്നു എന്നു വന്നാലും—അവയെ ബദലുകൾ എന്ന നിലയിൽ കണക്കാക്കാൻ സാധ്യമല്ല.

**അധിവാസ സ്ഥലങ്ങളും ഗതാഗതവും**

ഗ്രാമീണവും നാഗരികവുമായ പ്രദേശങ്ങളിലും (അവയെ പരസ്പരം ബന്ധിപ്പിക്കുന്ന ഇടനാഴി പ്രദേശങ്ങളിലും) പാരിസ്ഥിതിക സുസ്ഥിരവും തുല്യത ഉറപ്പാക്കുന്നതും അർഥപൂർണമായ നിലയിൽ ജീവിതവും തൊഴിലുകളും മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്നതുമായ ആവാസ കേന്ദ്രങ്ങൾക്കു വേണ്ടിയുള്ള അന്വേഷണത്തിൽ ഇനി പറയുന്ന കാര്യങ്ങൾ സവിശേഷ പരിഗണന അർഹിക്കുന്നു:

- പാരിസ്ഥിതിക സുസ്ഥിരത നിലനിർത്തുന്ന വാസ്തുശില്പ രീതിയും എല്ലാവർക്കും ലഭ്യമായ തരത്തിൽ നിർമിക്കപ്പെട്ട ഭവനങ്ങളും;
- അടിസ്ഥാന സൗകര്യങ്ങൾ, ജലം, ഊർജം എന്നീ ആവശ്യങ്ങൾക്ക് പരമാവധി പ്രാദേശിക തലത്തിൽ തന്നെ ലഭ്യത

ഉറപ്പാക്കൽ;

- വന്യജീവി സങ്കേതങ്ങളും അവയുടെ സഞ്ചാര പാതകളും സംരക്ഷിച്ചു ജൈവവൈവിധ്യ സംരക്ഷണത്തിനു പ്രാധാന്യം നൽകൽ;
- വസ്തുക്കളുടെ ദുരുപയോഗം/മാലിന്യ നിർമാണം എന്നിവ പരമാവധി ഒഴിവാക്കൽ; ഉപഭോഗ വസ്തുക്കളുടെ പുനരുപയോഗം, അപ് സൈക്ലിങ്, റീ സൈക്ലിങ് തുടങ്ങിയ രീതികൾ അനുവർത്തിച്ചു കൊണ്ട് വസ്തുക്കളുടെ പാഴാക്കൽ ഒഴിവാക്കുകയും വിഭവങ്ങളുടെ ഉപയോഗത്തിൽ പരമാവധി കാര്യക്ഷമതയും മിതവ്യയവും ഉറപ്പാക്കുകയും ചെയ്യൽ;
- വിഷമയമായ എല്ലാവിധ ഉല്പന്നങ്ങളും ഒഴിവാക്കൽ (ഉദാഹരണം കീടനാശിനികൾ, പ്ലാസ്റ്റിക്കുകൾ); അത്തരത്തിലുള്ള എല്ലാവിധ പ്രവർത്തനങ്ങളും ഉപേക്ഷിക്കൽ (ഉദാഹരണം: മാലിന്യം കത്തിക്കൽ);
- പൊതു ഇടങ്ങളും തുറന്ന പ്രദേശങ്ങളും സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യൽ;
- ആവാസ കേന്ദ്രങ്ങളുടെ ആസൂത്രണത്തിലും അവയുടെ ബജറ്റ് നിശ്ചയിക്കുന്നതിലും വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ രീതികൾ അവലംഭിക്കൽ;
- പാരിസ്ഥിതിക സുസ്ഥിരതയുള്ളതും നീതിയുക്തവുമായ ഗതാഗത സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കൽ (പ്രത്യേകിച്ചും നിലവിൽ വ്യാപകമായി കാണുന്ന വ്യക്തിഗത മോട്ടോർ വാഹന സംവിധാനങ്ങൾക്കു പകരമായി ഉപയോഗിക്കാവുന്നതും കൂടുതൽ ആളുകൾക്കു പ്രയോജനം ചെയ്യുന്നതുമായ പൊതുഗതാഗത രീതികളും മോട്ടോറിതര സംവിധാനങ്ങളും); അത്തരം സൗകര്യങ്ങൾ തുല്യ നിലയിൽ എല്ലാവർക്കും ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ;
- മോട്ടോറിതര ഗതാഗത സംവിധാനങ്ങൾക്കു മുൻഗണന നൽകൽ; അത്തരം സംവിധാനങ്ങൾ ഉപയോഗിക്കുന്നവരുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പാക്കൽ (ഉദാഹരണത്തിന് നടന്നു പോകുന്നവർക്കും സൈക്കിളുകൾ ഉപയോഗിക്കുന്നവർക്കും പ്രത്യേക പാതകൾ, അവർക്കു റോഡുപയോഗത്തിനുള്ള സൗകര്യങ്ങൾ);
- സ്വകാര്യ വാഹനങ്ങളുടെ ആവശ്യത്തിനായി നിലവിൽ മാറ്റിവെച്ച ഇടങ്ങൾ തിരിച്ചുപിടിച്ചു പൊതു ആവശ്യങ്ങൾക്കായി വിനിയോഗിക്കൽ; പൊതു ഇടങ്ങളുടെ പ്രാമുഖ്യവും പ്രാധാന്യവും ഉയർത്തിപ്പിടിക്കൽ;
- വാഹന ഗതാഗതത്തിൽ പരമാവധി വേഗതയ്ക്കു പരിധി നിശ്ചയിക്കൽ.

പാരിസ്ഥിതിക സുസ്ഥിരതയുടെ നിയമങ്ങൾ പാലിക്കുന്നുണ്ടെങ്കിലും വരേണ്യരുടെ താൽപര്യങ്ങൾക്കു വേണ്ടി മാത്രം നിർമ്മിതവും സാധാരണ ജനങ്ങൾക്ക് പ്രയോജനരഹിതവുമായ വിലയേറിയ വാഹനങ്ങൾ ഗതാഗത സംവിധാനത്തിലെ ബദൽ എന്ന പരിഗണന അർഹിക്കുന്നവയല്ല.

**ബദൽ രാഷ്ട്രീയം**

സാമൂഹികവും പാരിസ്ഥിതികവുമായ നീതിയിൽ അടിയുറച്ചതും ജന കേന്ദ്രിതവും ജനങ്ങൾക്കു നേരിട്ട് പങ്കാളിത്തം ഉറപ്പാക്കുന്നതുമായ ഭരണ സംവിധാനവും തീരുമാനം എടുക്കൽ പ്രക്രിയയും അവ നടപ്പിലാക്കുന്നതിനുള്ള മുന്നേറ്റങ്ങളും പ്രവർത്തന രീതികളും:

- ഗ്രാമങ്ങളിലും നഗര പ്രദേശങ്ങളിലും പ്രാദേശിക തലത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ശ്രേണീബദ്ധമല്ലാത്തതും എല്ലാവർക്കും പങ്കാളിത്തം ഉള്ളതുമായ (നേരിട്ടുള്ള ജനാധിപത്യം അഥവാ സ്വരാജ് രീതിയിലുള്ള) സംവിധാനങ്ങൾ; അവയിൽ സാധ്യമായിടത്തോളം ഭൂരിപക്ഷ ഹിതത്തിനു പകരം സമവായം അടിസ്ഥാനമാക്കി തീരുമാനങ്ങൾ സ്വീകരിക്കുന്ന രീതി;
- സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ അധികാരം തുല്യനിലയിൽ പങ്കിടുന്നതായി ഉറപ്പു വരുത്താനുള്ള സംവിധാനങ്ങൾ;
- ജൈവസംസ്കാരിക, ജൈവമേഖലാ തലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ പങ്കാളിത്ത ജനാധിപത്യ സ്ഥാപനങ്ങൾ തമ്മിൽ സജീവബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള സംവിധാനങ്ങൾ;
- പാരിസ്ഥിതികവും സാംസ്കാരികവുമായ ബന്ധങ്ങളെയും തുടർച്ചകളെയും മാനിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും വിധം നിലവിലെ ദേശാതിർത്തികൾ അടക്കമുള്ള എല്ലാവിധ രാഷ്ട്രീയ അതിരുകളും പുനർനിർവചിക്കൽ;
- പ്രാദേശിക തലത്തിലും മറ്റു തലങ്ങളിലും രാഷ്ട്രീയേതര വിഷയങ്ങൾക്കും പ്രശ്നങ്ങൾക്കും ആവിഷ്കാരം നൽകുന്ന സംഘടനകളുടെയും സമൂഹങ്ങളുടെയും പ്രാധാന്യം ഉറപ്പാക്കൽ;
- നേരിട്ടുള്ള ജനാധിപത്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അംഗങ്ങളും പ്രതിനിധികളും അടങ്ങുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും അവ നയിക്കുന്ന സർക്കാരിലും സുതാര്യതയും ഉത്തരവാദിത്വവും വികസിപ്പിക്കുന്ന തരത്തിലുള്ള പവർത്തനങ്ങൾ; അതിലൂടെ പൂർണമായും ജനാധിപത്യപരവും അടിസ്ഥാന സൗകര്യങ്ങൾ ജനങ്ങൾക്ക് ഒരുക്കിക്കൊടുക്കുന്നതിലും അടിസ്ഥാന വിഭവങ്ങളും നീതിയും എല്ലാവർക്കും—

പ്രത്യേകിച്ച് പാർശ്വവത്കൃതരും ചൂഷിതരുമായ ജനവിഭാഗങ്ങൾക്ക്—പ്രദാനം ചെയ്യുന്നതിലുമൊക്കെ ഉത്തരവാദിത്വപൂർണവുമായ ഭരണകൂടത്തിലേക്കുള്ള (അതായതു ഭരണകൂടം എന്ന സംവിധാനം ആവശ്യമായിരിക്കുന്ന കാലത്തോളം) മുന്നേറ്റത്തിനുള്ള ശ്രമങ്ങൾ;

- മറ്റു ഭാഗങ്ങളിൽ നേരത്തെ ചർച്ച ചെയ്യപ്പെട്ട ബദലുകൾ വികസിപ്പിക്കുന്നതിന് സഹായകമായ നയങ്ങളും അതിനുള്ള പൊതു ചട്ടക്കൂടും ഒരുക്കൽ;
- സുസ്ഥിരത, നീതിയും തുല്യതയും എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹികമായ മുൻഗണനകളുടേതായ പൊതു ചട്ടക്കൂടിൽ നിന്നുകൊണ്ടു പ്രവർത്തിക്കുന്നതിനു വ്യക്തികൾക്ക് രാഷ്ട്രീയവേദിയിൽ സൗകര്യം ഒരുക്കിക്കൊടുക്കൽ;
- ജീവിതത്തിൽ അന്തസ്സും പങ്കാളിത്തത്തിൽ തുല്യതയും (കുടുംബങ്ങളുടെ അകത്തളങ്ങളിൽ അടക്കം) നടപ്പിൽ വരുത്താനായി സംഘടനകളിലും സ്ഥാപനങ്ങളിലും ആഭ്യന്തര ജനാധിപത്യവും സുതാര്യതയും ഉറപ്പാക്കൽ.

**ബദൽ മാധ്യമങ്ങൾ**

മുഖ്യധാരാ മാധ്യമങ്ങൾ അവഗണിക്കുന്നതോ പൊതുസമൂഹ ശ്രദ്ധയിൽ നിന്നും അവർ ബോധപൂർവം മറച്ചുവെക്കുന്നതോ ആയ ചോദ്യങ്ങൾ ഉന്നയിക്കുന്ന ബദൽ മാധ്യമങ്ങൾക്കു പ്രാധാന്യം നൽകൽ; മനുഷ്യ ജീവിതത്തിനും പ്രവർത്തനങ്ങൾക്കും സഹായകമായ വിവരങ്ങളും രീതികളും സമൂഹത്തിലേക്കു സന്നിവേശിപ്പിക്കുന്ന ചുമതല നിർവഹിക്കാൻ ബാധ്യസ്ഥമായ മാധ്യമങ്ങൾ എന്ന നിലയിൽ അവ സമൂഹത്തിന്റെ ഭാഗമായിട്ടാണ്—മറിച്ചു സമൂഹത്തിൽ നിന്നും അന്യമായിട്ടുള്ള ഒന്നായിട്ടല്ല—പ്രവർത്തിക്കേണ്ടത്. അതിനു സഹായകമായ ചില നിർദേശങ്ങൾ:

- പൊതുവിൽ അവഗണിക്കപ്പെടുന്നതോ വിദൂരമോ വാർത്താവിനിമയ ബന്ധങ്ങൾ കുറവായതോ ആയ പ്രദേശങ്ങളിൽ പോലും വിവര വിനിമയം എളുപ്പവും സൗജന്യവുമായി ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ;
- ഡിജിറ്റൽ മാധ്യമ രംഗത്തു പങ്കാളിത്തപരമായ പ്രവർത്തനങ്ങൾ;
- മുഖ്യധാരാ മാധ്യമങ്ങളിൽ അനിവാര്യമായ പരിഷ്കരണങ്ങൾ കൊണ്ടുവരൽ;
- പരസ്യങ്ങൾ തെറ്റിദ്ധാരണാജനകമോ കുറ്റകരമോ ആക്രമണത്തിനു പ്രേരകമായ സ്വഭാവമുള്ളതോ അല്ലെന്നു ഉറപ്പാക്കുന്നതിനു ആവശ്യമായ നിയന്ത്രണങ്ങൾ; പ്രത്യേകിച്ചും കുട്ടികളെ ലക്ഷ്യമിട്ടുള്ള പരസ്യങ്ങളിൽ കൃത്യമായ പരിശോധനയും നിയന്ത്രണവും.

**പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതിശാസ്ത്രം**

പാരിസ്ഥിതിക സമഗ്രതയും അതിന്റെ പരിധികളും ഉറപ്പാക്കുന്നതിന് ആവശ്യമായ മുന്നേറ്റങ്ങൾ:

- പ്രാദേശികവും ആധുനികവുമായ വിജ്ഞാന ശാഖകളുടെ സംഭാവനകളെ ബഹുമാനിച്ചും അവയെ അടിസ്ഥാനപ്പെടുത്തിയും ഭൂമി, ജലം, ജൈവവൈവിധ്യം എന്നിവയുടെ വികേന്ദ്രീകൃത രീതിയിലുള്ള സംരക്ഷണം; പരിസ്ഥിതിയെ ജീവിതത്തിന്റെയും തൊഴിലിന്റെയും അവിഭാജ്യ ഘടകമായി കണ്ടുകൊണ്ടുള്ള നയപരിപാടികൾ; പ്രാദേശിക തലത്തിലും വ്യത്യസ്ത ഭൂപ്രകൃതികളിലും പാരിസ്ഥിതിക സംരക്ഷണവും പുനരുജ്ജീവനവും ജീവനോപാധികളുടെ ഭാഗമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ;
- ഉപഭോഗ - അസംസ്കൃത വസ്തുക്കളുടെ ദുരുപയോഗവും മാലിന്യോല്പാദനവും പരമാവധി കുറയ്ക്കലും അതിനെ ഇല്ലായ്മ ചെയ്യലും;
- സാമൂഹികവും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ 'പ്രകൃതി'യെ ആഴത്തിൽ അറിയുകയും മനസ്സിലാക്കുകയും ചെയ്യാനുള്ള ശ്രമങ്ങൾ; പ്രകൃതിയുടെയും മറ്റു ജീവജാലങ്ങളുടെയും അവകാശങ്ങൾ സംബന്ധിച്ച അവബോധം[7];
- വന്യജീവികളുടെയും ഗാർഹിക ജീവികളുടെയും ജൈവവൈവിധ്യ സംരക്ഷണം.

പാരിസ്ഥിതിക പ്രതിസന്ധികൾക്കുള്ള ലളിതവത്കൃത പരിഹാരങ്ങൾ എന്ന നിലയിൽ പ്രചരിപ്പിക്കപ്പെടുന്ന അന്തരീക്ഷ മലിനീകരണത്തിനെതിരെ മരം നടൽ പോലുള്ള ചടങ്ങുകൾ ബദൽ എന്ന പരിഗണന അർഹിക്കുന്നതല്ല.

---

[7] മഹാരാഷ്ട്രയിലെ വികൽപ് സംഗം സമ്മേളനത്തിൽ ഒരു അംഗം 'പ്രകൃതിയുടെയും ജീവജാലങ്ങളുടെയും അവകാശങ്ങൾ' എന്ന സങ്കല്പം മഹാഭൂരിപക്ഷം മനുഷ്യരും സസ്യേതര ഭക്ഷണം ശീലിച്ചവരാണ് എന്നതിനാൽ നിലവിലെ സാഹചര്യങ്ങളുമായി യോജിച്ചു പോകുന്നതല്ല എന്ന അഭിപ്രായം ഉന്നയിക്കുകയുണ്ടായി. എന്നാൽ മറ്റു പല അംഗങ്ങളും ചൂണ്ടിക്കാട്ടിയത് നിലനില്പിനായി മനുഷ്യൻ അവയെ ഭക്ഷിക്കുമ്പോഴും അവയെ ബഹുമാനിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നതിൽ അസ്വാഭാവികതയില്ല എന്നാണ്.

**ഊർജം**

നിലവിൽ പ്രയോഗത്തിലുള്ള കേന്ദ്രീകൃതവും പാരിസ്ഥിതികമായി വിനാശകരവും സുസ്ഥിരമായി നിലനിൽക്കാൻ സാധ്യമല്ലാത്തതുമായ ഊർജ സ്രോതസ്സുകൾക്കു പകരം ബദൽ സ്രോതസ്സുകൾക്കു വേണ്ടിയുള്ള അന്വേഷണങ്ങളെയും ശ്രമങ്ങളെയും പ്രോത്സാഹിപ്പിക്കൽ; അതേസമയം ദേശീയ ഊർജ ഗ്രിഡിൽ നിന്നുള്ള വിതരണം കൂടുതൽ തുല്യതയും നീതിയും ഉറപ്പാക്കുന്ന രീതിയിലാവണം എന്ന ആവശ്യം ഉയർത്തിയുള്ള പ്രചാരണ പരിപാടികൾ അനുസ്യൂതമായി തുടരുന്നതും പ്രധാനമാണ്.

- വികേന്ദ്രീകൃത തലത്തിൽ ഉള്ളതും സമൂഹങ്ങളുടെ പൊതുനിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ പുനരുപയോഗ വൈദ്യുതി നിർമാണ സംവിധാനവും സൂക്ഷ്മതല ഗ്രിഡുകളും വികസിപ്പിക്കൽ;
- ഗ്രിഡുകളിലേക്കു അടക്കം പരിസ്ഥിതി സൗഹൃദപരവും പുനരുത്പാദന ശേഷിയുള്ളതുമായ (കൽക്കരി, എണ്ണ, ആണവോർജം, വൻകിട ജലവൈദ്യുതി എന്നിവയെ ഒഴിവാക്കിക്കൊണ്ടുള്ള) വൈദ്യുതിയുടെ നീതിനിഷ്ഠമായ നിലയിലുള്ള ലഭ്യത ഉറപ്പാക്കൽ;
- ഊർജാവശ്യങ്ങൾക്കു വൈദ്യുതിയേതര മാർഗങ്ങൾ വികസിപ്പിക്കൽ; പരമ്പരാഗത സാങ്കേതികവിദ്യകളായ കാറ്റാടി യന്ത്രങ്ങൾ ഉൾപ്പെടെയുള്ളവയുടെ ആധുനീകരണവും ഉപയോഗവും; ചൂടും തണുപ്പും ലഭ്യമാക്കുന്നതിനു സഹായകമായ നിഷ്ക്രിയ രീതിയിലുള്ള മറ്റു മാർഗങ്ങൾ പരീക്ഷിക്കൽ;
- ഉല്പാദന - വിതരണ ചെലവുകൾ തുല്യമായി ഉപഭോക്താക്കൾക്കിടയിൽ വിതരണം ചെയ്തും കാര്യക്ഷമത വർധിപ്പിച്ചും പൊതുമേഖലയിലെ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം ഉറപ്പാക്കിയും ആസൂത്രണത്തിൽ ഉപഭോഗ ശൃംഖലയുടെ അവസാനകണ്ണി കൂടി കണക്കിലെടുത്തുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും ഉല്പാദന - വിതരണ രംഗങ്ങൾ സമതുലിതമാക്കൽ; അതിനായി ഉപഭോഗത്തിനു പരിധി നിശ്ചയിക്കൽ; (ഉദാഹരണത്തിന് ആഡംബര ഉപഭോഗം നിയന്ത്രിക്കൽ); അനിയന്ത്രിതമായ നിലയിലുള്ള ഊർജാവശ്യങ്ങൾ നിറവേറ്റാൻ ഒരുതരത്തിലുള്ള ഉല്പാദന സ്രോതസ്സുകളും പര്യാപ്തമാവില്ല എന്ന വസ്തുത തിരിച്ചറിയൽ;
- ഊർജോപയോഗം നിയന്ത്രിച്ചു ഊർജ സമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ദുരുപയോഗവും ഉർജ്ജനഷ്ടവും തടയുന്നതിനും കാര്യക്ഷമമായ ഉപകരണങ്ങളും സംവിധാനങ്ങളും നടപ്പിലാക്കൽ (ഉദാഹരണത്തിന് നിർമാണ മേഖലയിൽ സിമന്റിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തൽ).

ചെലവു കൂടിയതും വരേണ്യരുടെ താല്പര്യങ്ങൾക്കു മാത്രം ഉതകുന്നതുമായ സാങ്കേതികവിദ്യകളും സംവിധാനങ്ങളും അവ ഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ആവശ്യങ്ങൾക്ക് ഗുണകരമാവില്ല എന്ന കാരണത്താൽ തന്നെ ഊർജരംഗത്തെ ബദലുകൾ ആയി കണക്കാക്കപ്പെടില്ല.

**ജ്ഞാനസമ്പാദനവും വിദ്യാഭ്യാസവും**

പരിസ്ഥിതിയും പ്രകൃതിയുമായും വിവിധ സമൂഹങ്ങളുമായും അവനവന്റെ തന്നെ ആന്തരിക ശബ്ദവുമായും മാനവരാശി ഒന്നാകെയുമായും ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ള വിജ്ഞാന സമ്പാദനത്തിനും വിദ്യാഭ്യാസത്തിനും സൗകര്യം നൽകുന്ന സംവിധാനങ്ങൾ ഒരുക്കൽ:

- സാമൂഹികവും വ്യക്തിപരവുമായ കഴിവുകളുടെ വികാസവും പരസ്പര ബന്ധങ്ങളും വിശാലമായ പുതിയൊരു തലത്തിലേക്കു മുന്നോട്ടു കൊണ്ടുപോകൽ;
- മുഖ്യധാരാ സ്ഥാപനങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന തരത്തിലുള്ള അന്യവത്കരണം വർധിപ്പിക്കുന്നതും വിഘടന സ്വഭാവമുള്ളതും സകലതും വ്യക്തിഗത തലത്തിലേക്കു ന്യൂനീകരിക്കുന്നതുമായ 'വിദ്യാഭ്യാസം' നൽകിയ പാഠങ്ങൾ മറക്കലും സാമൂഹികമായ ഉൾക്കൊള്ളലിന്റെ പാഠങ്ങൾ പ്രചരിപ്പിക്കലും;
- സമൂഹത്തിൽ നിലനിൽക്കുന്ന ഔപചാരികവും അനൗപചാരികവുമായ തലങ്ങളിലുള്ളതും, പരമ്പരാഗതവും ആധുനികവും, പ്രാദേശികവും ആഗോളവും, തലച്ചോറും ഹൃദയവും കൈകളും ഒന്നിച്ചു പ്രവർത്തിക്കുന്നതും, തത്വവും പ്രയോഗവും സംയോജിക്കുന്നതുമായ വ്യത്യസ്ത വിദ്യാഭ്യാസ രീതികളുടെ സമന്വയം;
- അത്തരത്തിലുള്ള വിദ്യാഭ്യാസ/ ജ്ഞാനസമ്പാദന സംവിധാനങ്ങൾക്കു സൗകര്യം ഒരുക്കുന്നതിൽ ഭരണകൂടം അടക്കമുള്ള പൊതു സ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വം ഉറപ്പു വരുത്തുകയും അത്തരം സംവിധാനങ്ങൾക്ക് സ്വകാര്യ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്യൽ;
- വിമർശനാത്മക ചിന്തയും സമഗ്ര പഠനരീതിയും പ്രോത്സാഹിപ്പിക്കൽ;
- കല, കരകൗശല രീതികൾ, നാടകം, നൃത്തം എന്നിങ്ങനെ വ്യത്യസ്തമായ ബോധന രീതികൾ പരീക്ഷിക്കൽ.

## വിജ്ഞാനം

കൂടുതൽ സമത്വമുള്ളതും പാരിസ്ഥിതികമായി സുസ്ഥിരവുമായ ഒരു ലോക നിർമ്മിതിയ്ക്കു സഹായകവും ശാക്തീകരണ ശേഷിയുള്ളതുമായ ഉപകരണമായി അറിവിനെ മാറ്റിത്തീർക്കാൻ ഉതകുന്ന തരത്തിലുള്ള ചില മുൻകൈകൾ:

- ആധുനികവും പരമ്പരാഗതവും, ശാസ്ത്രീയവും ശാസ്ത്രേതരവും, ഔപചാരികവും അനൗപചാരികവും, നാഗരികവും ഗ്രാമീണവുമായ വിവിധ വിജ്ഞാന ശാഖകൾക്കിടയിലെ അതിർവരമ്പുകൾ അതിലംഘിച്ചു അവയിൽ നിന്നുള്ള വൈവിധ്യമാർന്ന ആശയങ്ങളുടെ പരസ്പര സങ്കലനം, വിജ്ഞാന വിതരണം എന്നിവയെ പ്രോത്സാഹിപ്പിക്കൽ;
- വിജ്ഞാനത്തെ സ്വകാര്യ സ്വത്തായോ അല്ലെങ്കിൽ ഉപഭോഗവസ്തുവായോ കാണുന്നതിനു പകരം അതിനെ പൊതു സമ്പത്തായി കാണുന്ന ശീലം വളർത്തുകയും (അല്ലെങ്കിൽ തിരിച്ചുപിടിക്കുകയും) ചെയ്യൽ; വിജ്ഞാന പ്രസരണത്തിനുള്ള വ്യത്യസ്തമായ മാർഗങ്ങൾ വികസിപ്പിക്കുകയും കഥാകഥനവും വാചിക പാരമ്പര്യങ്ങളും അടക്കമുള്ള അത്തരം പരമ്പരാഗ രീതികൾ പോലും—അവ ചൂഷണം പ്രോത്സാഹിപ്പിക്കാത്തതും തുറന്നതും സൗജന്യവും ആയതും ചിന്തയെയും തുടർ പഠനത്തെയും സഹായിക്കുന്നതും ആണെങ്കിൽ—അവയെ അംഗീകൃതമായി കാണുന്നതു പ്രോത്സാഹിപ്പിക്കൽ (ഡിഗ്രികൾ നൽകുന്ന സംവിധാനങ്ങൾ മാത്രമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറുന്നത് ഒഴിവാക്കാനുള്ള ശ്രമങ്ങൾ).

## ആരോഗ്യവും ശുചിത്വവും

എല്ലാവർക്കും നല്ല ആരോഗ്യവും ആരോഗ്യരക്ഷയും ഉറപ്പാക്കുന്നതിനു സഹായകമായ ചില മുൻകൈകൾ:

- സമൂഹത്തിൽ അനാരോഗ്യം പടരുന്നത് ഒഴിവാക്കാനായി ആരോഗ്യ സംരക്ഷണത്തിനുള്ള നിർണായക സാമൂഹിക ഘടകങ്ങളായ പോഷകാഹാരം, ജലം, ശുചിത്വം, ശുദ്ധമായ പരിസ്ഥിതി, സുരക്ഷിതമായ ഗതാഗതം, ആരോഗ്യത്തിനു ഹാനികരമായ സ്വഭാവ വിശേഷങ്ങളും ആസക്തികളും ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തൽ;
- ചികിത്സാലയങ്ങൾ/രോഗ പ്രതിരോധ സൗകര്യങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ പരമ്പരാഗതമായി നിഷേധിക്കപ്പെട്ടിരുന്ന വിഭാഗങ്ങൾക്കും അവ ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുക; ഇത്തരം കാര്യങ്ങളിൽ പൗരജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാരിനുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നു എന്ന് ഉറപ്പാക്കുക (ഉദാഹരണത്തിന്, അവയ്ക്കുള്ള പൊതുനിക്ഷേപം വർധിപ്പിക്കാനുള്ള നടപടികൾ);
- മെഡിക്കൽ സംവിധാനങ്ങളുടെ പരിമിതികൾ തിരിച്ചറിഞ്ഞു കൊണ്ട് അമിതമായ മരുന്നുപയോഗവും ചികിത്സാ നടപടികളും ഒഴിവാക്കുക;
- പരമ്പരാഗതവും ആധുനികവുമായ വിവിധ ചികിത്സാ പദ്ധതികളുടെ വൈവിധ്യവും ഉൽഗ്രഥനവും ഉറപ്പു വരുത്തുക; ഇന്ത്യയിലും പുറത്തും നിലനിൽക്കുന്ന വിവിധ ചികിത്സാ രീതികൾ—ആദിവാസി/നാടൻ ചികിത്സകൾ, പ്രകൃതി ചികിത്സ, ആയുർവേദം, യൂനാനി, മറ്റു സംയോജിതവും സമഗ്രവുമായ രീതികൾ —എന്നിവയെല്ലാം വ്യാപകമായ നിലയിൽ പ്രയോഗത്തിലേക്കു തിരിച്ചു കൊണ്ടുവരിക;
- ആരോഗ്യരക്ഷ, ശുചിത്വം എന്നിവയുടെ കൈകാര്യവും നിയന്ത്രണവും സാമൂഹികാടിസ്ഥാനത്തിൽ നടക്കുന്നു എന്ന് ഉറപ്പാക്കുക; ആരോഗ്യകരമായ ചുറ്റുപാടുകൾ സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിൽ വ്യക്തികളുടെ ഉത്തരവാദിത്വം ഉറപ്പു വരുത്തുകയും മനുഷ്യമലവും മറ്റു മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതിൽ ജാതി അടിസ്ഥാനപ്പെടുത്തിയ രീതികൾ ഒഴിവാക്കുകയും ചെയ്യുക.

## ഭക്ഷണം

ഭക്ഷ്യ സുരക്ഷയും സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതിനുള്ള ചില മുൻകൈകൾ:

- എല്ലാവർക്കും അഭിഗമ്യവും പോഷകപ്രദവുമായ ഭക്ഷ്യവിഭവങ്ങളുടെ ഉല്പാദനവും വിതരണവും;
- ഇന്ത്യൻ ഭക്ഷണ രീതികളുടെ വൈവിധ്യം നിലനിർത്തൽ; ടിന്നിലടച്ചതും (ജങ്ക് ഫുഡ്) ഉടൻ കഴിക്കാവുന്നതുമായ (ഫാസ്റ്റ് ഫുഡ്) ഭക്ഷണ വസ്തുക്കൾക്കു പകരം പതുക്കെ പാചകം ചെയ്തു കഴിക്കുന്ന രീതിക്കു പ്രചാരണം നൽകൽ;
- ഭക്ഷ്യ വിഭവങ്ങളുടെ ഉല്പാദനം, വിതരണം എന്നിവയിൽ സാമൂഹിക നിയന്ത്രണം നിർബന്ധമാക്കുക; അതേപോലെ കൃഷി ചെയ്യാതെ ലഭ്യമാകുന്ന വിഭവങ്ങളുടെയും അവയുടെ സ്രോതസ്സായ പൊതു ഇടങ്ങളുടെയും സാമൂഹിക നിയന്ത്രണം ഉറപ്പു വരുത്തുക;
- കൃഷി ചെയ്യാതെ ലഭിക്കുന്ന വിഭവങ്ങളും 'വന്യ' വിഭവങ്ങളും കൂടുതൽ പ്രചരിപ്പിക്കുക;

- ഭൂമിയുടെ മേലുള്ള അവകാശം;
- ജൈവകൃഷി രീതികൾ;
- കാർഷിക മേഖലയിൽ ജൈവ വൈവിധ്യം—നെല്ല്, ചാമ തുടങ്ങിയ ഭക്ഷ്യ വിളകളുടെ ഇനങ്ങളിൽ വൈവിധ്യമുള്ള വിത്തുകളുടെ ഉപയോഗവും കൃഷിയും;
- ഉല്പാദക—ഉപഭോക്തൃ ബന്ധങ്ങൾ ശക്തിപ്പെടുത്തൽ.

ആരോഗ്യകരവും ജൈവ വൈവിധ്യം ഉള്ളതുമായ ഇനങ്ങളാണെങ്കിലും സമ്പന്നരും വരേണ്യരുമായ വിഭാഗങ്ങളുടെ ഭ്രമത്തിന്റെ മാത്രം ഭാഗമായ ഇനങ്ങളും ഭക്ഷ്യരീതികളും ബദലുകൾ എന്ന പരിഗണന അർഹിക്കുന്നില്ല.

**ജലം**

ജല സുരക്ഷയും സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതിനുള്ള ചില മുൻകൈകൾ:

- ജലത്തിന്റെ ഉപയോഗം, വിതരണം എന്നിവ പാരിസ്ഥിതിക സുസ്ഥിരതയുള്ളതും കാര്യക്ഷമവും നീതിപൂർവകവുമാണ് എന്ന് ഉറപ്പു വരുത്തുക;
- വികേന്ദ്രീകൃതമായ ജലസംരക്ഷണ സംവിധാനങ്ങൾ;
- ജലം സമൂഹത്തിന്റെ പൊതു സ്വത്തായി കണക്കാക്കിയുള്ള പ്രവർത്തനങ്ങൾ;
- ജലം, തണ്ണീർത്തടങ്ങൾ എന്നിവയുടെ മേൽ ജനാധിപത്യപരമായ ഭരണനിർവഹണം.

ഭൂരിപക്ഷം വരുന്ന സാധാരണ ജനതയുടെ ജീവിതവുമായി കാര്യമായി ബന്ധമൊന്നുമില്ലാത്തതും ചെലവേറിയതുമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള ജല സംരക്ഷണ പ്രവർത്തനങ്ങൾ ബദൽ എന്ന നിലയിൽ പരിഗണിക്കപ്പെടാൻ സാധ്യതയില്ല.

**ആഗോള ബന്ധങ്ങൾ**

ആഗോള ശാക്തിക ബന്ധങ്ങളുടെയും രാഷ്ട്രീയ മത്സരങ്ങളുടെയും ഭാഗമായി നിലനിൽക്കുന്ന അങ്ങേയറ്റം അക്രമാസക്തവും പരസ്പരം തോൽപിക്കാൻ ശ്രമിക്കുന്നതും അമിത മത്സരസ്വഭാവം ഉള്ളതുമായ അന്താരാഷ്ട്ര ബന്ധങ്ങൾക്കു പകരമായി ഭരണകൂടം, പൊതുസമൂഹം, പൗരജനം, ബഹുസ്വര ഏജൻസികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നിലവിലെ വ്യവസ്ഥയെ വെല്ലുവിളിക്കുന്നതും അവയ്ക്കു ബദലായി കാണാവുന്നതുമായ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. അതിൽ ചിലതു ഇനി വിവരിക്കുന്നവയാണ്:

- നയതന്ത്ര ബന്ധങ്ങളുടെ ചാലകശക്തിയായി പ്രവർത്തിക്കേണ്ടത് ഇടുങ്ങിയ ദേശതാല്പര്യങ്ങളും മുൻവിധികളുമല്ല, മറിച്ചു ലോകസമൂഹത്തിന്റെ പൊതുവായ ക്ഷേമം ആയിരിക്കണം എന്ന കാഴ്ചപ്പാട്;
- ചരിത്രത്തിൽ വേരുകളുള്ള പരാതികളുടെയുംതർക്കങ്ങളുടെയും പരിഹാരത്തിനും വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും അടിയുറച്ച അന്താരാഷ്ട്ര ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനും വ്യത്യസ്ത രാഷ്ട്രങ്ങൾക്കിടയിൽ അവയിലെ പൗരസമൂഹങ്ങൾ തമ്മിലും നയതന്ത്ര വിദഗ്ധർ തമ്മിലും സംഭാഷണങ്ങൾ;
- സൈനിക, ചാരപ്രവർത്തന, പോലീസ് മേഖലകളിലെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ധനവിനിയോഗം വർധിപ്പിക്കുന്നത് അവസാനിപ്പിക്കാനായി ആഗോള തലത്തിൽ അതിനു മൊറട്ടോറിയം പ്രഖ്യാപിക്കുക; ഈ മേഖലകളിലെ ധനവിനിയോഗം ക്രമാനുഗതമായി കുറച്ചു കൊണ്ടുവരിക; ആത്യന്തികമായി എല്ലാ രാഷ്ട്രങ്ങളുടെയും കൈവശമുള്ള എല്ലാവിധ ആയുധങ്ങളും നിർമാർജനം ചെയ്യുക;
- ആപൽക്കരമായ വസ്തുക്കളിലുള്ള ആഗോള വാണിജ്യം വേണ്ടെന്നു വെക്കുക (ഉദാഹരണം: ആയുധങ്ങൾ, വിഷമയമായ രാസവസ്തുക്കൾ, മാലിന്യം);
- ലോകത്തിന്റെ പൊതുവായ നിലനിൽപിന് അനിവാര്യമായത് ഒരു ബഹു ധ്രുവ ലോകമാണ് എന്ന കാഴ്ചപ്പാട് അംഗീകരിക്കൽ;
- ദേശീയമായ പ്രത്യേകാവകാശങ്ങൾ (അമേരിക്കൻ ഐക്യനാടുകൾ ഇന്ന് അവകാശപ്പെട്ടു വരുന്ന പോലെയുള്ളവ), അന്തർലീനമായ മേധാവിത്വം ('മിഡിൽ കിങ്ഡം' എന്ന പേരിൽ ചൈന സ്വയം നിർമിക്കുന്ന പ്രതിച്ഛായ ഉദാഹരണം) തുടങ്ങിയ ധാരണകൾ പൂർണമായും തുടച്ചുനീക്കൽ;
- 'ദേശരാഷ്ട്രം' എന്ന സങ്കല്പം പുനരവലോകനത്തിനു വിധേയമാക്കി, ലോകത്തെ 'ജനതകൾ' തമ്മിലുള്ള ബന്ധങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകൽ; അതിനായി ഐക്യരാഷ്ട്ര സംഘടന അടക്കമുള്ള ആഗോള സ്ഥാപനങ്ങൾ പുതുക്കിപ്പണിഞ്ഞു കൊണ്ട് ഭരണകൂടത്തിനു പുറത്തുള്ള കൂട്ടായ്മകൾക്ക് പ്രാമുഖ്യം നൽകൽ (ഉദാഹരണം: ആദിവാസി ജനസമൂഹങ്ങൾ);
- ഏക മാനവലോകം എന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സർവലോക പൗരത്വം എന്ന ആശയത്തിന്റെ പ്രോത്സാഹനവും അതിനുള്ള നടപടികളും.

**നിയമം/പാരമ്പര്യങ്ങൾ**

പൂർണമായും ജനാധിപത്യപരവും നീതിപൂർവകവുമായ മാർഗ്ഗങ്ങളിലൂടെ സാമൂഹിക മര്യാദകൾ കാലക്രമേണ അനൗപചാരിക സമ്പ്രദായങ്ങൾ ആയി മാറുന്നതും അവ പിന്നീട് ഔപചാരിക നിയമങ്ങളോ സംവിധാനങ്ങളോ ആയി അംഗീകരിക്കപ്പെടുന്നതുമായ പ്രക്രിയ. അവയിൽ ചിലത്:

- മറ്റുള്ളവർക്ക് അത് ഹാനിയുണ്ടാക്കും എന്നതിനാൽ സമൂഹത്തിൽ അസ്വീകാര്യം ആയ നടപടികളും പെരുമാറ്റ രീതികളും ഏതൊക്കെ എന്നതിനെപ്പറ്റി വിശാലമായ കാഴ്ചപ്പാടുകൾ വികസിപ്പിക്കൽ; അത്തരം കാഴ്ചപ്പാടുകൾ വികസിപ്പിക്കുമ്പോൾ നേരത്തെ സൂചിപ്പിച്ച തുല്യത, വൈവിധ്യം, അന്തസ്സ് തുടങ്ങിയ മൂല്യങ്ങളും തത്വങ്ങളും കണക്കിലെടുക്കേണ്ടതിന്റെ ആവശ്യകത;
- സമൂഹത്തിൽ മറ്റുള്ളവർക്കു ഹാനിയുണ്ടാക്കും എന്നതിനാലും മുകളിൽ പറഞ്ഞ മൂല്യങ്ങൾക്കും തത്വങ്ങൾക്കും വിരുദ്ധമായതിനാലും അസ്വീകാര്യം എന്നു കണക്കാക്കപ്പെടുന്ന നടപടികളിലും പെരുമാറ്റ രീതികളിലും ഇടപെടുന്നവരെ എങ്ങനെ കൈകാര്യം ചെയ്യണം എന്നത് സംബന്ധിച്ച പൊതുവായ ധരണകൾ; അവിടെയും ശിക്ഷകൾ നൽകുന്നതിനു പകരം സ്വഭാവരീതികൾ മാറ്റുന്നതിലും പരിഹാരങ്ങൾ കണ്ടെത്തുന്നതിലും പുനരധിവാസത്തിലും ഊന്നൽ കൊടുക്കേണ്ടതിന്റെ ആവശ്യകത;
- സാമൂഹിക ഇടപെടലുകളിൽ പൊതു മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതിൽ ഊന്നൽ നൽകൽ; മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്ന നിയമങ്ങളിൽ നിന്നും ചട്ടങ്ങളിൽ നിന്നും വ്യത്യസ്തവും കൂടുതൽ അഭിലഷണീയവും അത്തരം പൊതു മാനദണ്ഡങ്ങളാണ് എന്ന ബോധ്യം വികസിപ്പിക്കൽ.

5

# ഭാവി ബദലുകളിലേക്കു നമ്മെ നയിക്കുന്ന പ്രയോഗതന്ത്രങ്ങൾ/ പാതകൾ ഏതൊക്കെ?



സുസ്ഥിരവും നീതിയുക്തവുമായ ഭാവിയിലേക്കു നയിക്കുന്ന പാതകളെ കുറിച്ചു ചിന്തിക്കുമ്പോൾ അതിനായി പലതരത്തിലുള്ള തന്ത്രങ്ങളും കർമ്മ പദ്ധതികളും ആവിഷ്കരിക്കേണ്ടതായുണ്ട്. അവയിൽ ചിലതു താഴെ:

- അസ്ഥിരത, അസമത്വം, അനീതി എന്നിവയിലേക്കു നയിക്കുന്ന ശക്തികൾക്കെതിരെ വ്യക്തിഗതവും സംഘടിതവുമായ നിലകളിൽ നടത്തുന്ന ചെറുത്തുനിൽപ്പ്, പൊതു നിയമലംഘനം, നിസ്സഹകരണം തുടങ്ങിയ സമരമാർഗങ്ങൾ;

- മനോഗതി, കാഴ്ചപ്പാടുകൾ, വിദ്യാഭ്യാസം, സ്ഥാപനങ്ങൾ എന്നിവയെ കൊളോണിയൽ സ്വാധീനങ്ങളിൽ നിന്നും വിമുക്തമാക്കൽ; ശ്രേണീബദ്ധമായ ബന്ധങ്ങളും ഇരട്ടമുഖമുള്ള സമീപനങ്ങളും ഉപേക്ഷിക്കൽ; ഉദാഹരണത്തിന് ശാസ്ത്രവും മറ്റു വിജ്ഞാനശാഖകളും തമ്മിലും ആധുനികവും പരമ്പരാഗതവും തമ്മിലും ബുദ്ധിപരവും ശാരീരികവുമായ അധ്വാനം തമ്മിലും നിലനിൽക്കുന്ന വൈരുദ്ധ്യങ്ങൾ;

- മുൻകാലങ്ങളിൽ സ്വകാര്യസ്വത്താക്കി മാറ്റിയതോ 'അടച്ചുകെട്ടിയതോ' ആയ പൊതുസ്ഥലങ്ങൾ വീണ്ടും പൊതു ഇടങ്ങൾ ആയി വീണ്ടും പരിവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ;

- തീരുമാനങ്ങൾ എടുക്കുന്ന എല്ലാവിധ വേദികളിലും അരികുകളിലേക്കു തള്ളിമാറ്റപ്പെട്ടവരും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമായ സാമൂഹിക വിഭാഗങ്ങളുടെ (ദളിതർ, ആദിവാസികൾ, സ്ത്രീകൾ, ഭൂരഹിതർ, ശാരീരിക ദൗർബല്യം അനുഭവിക്കുന്നവർ, ന്യൂനപക്ഷങ്ങൾ, നാടോടി വിഭാഗങ്ങൾ, 'ഡീനോട്ടിഫൈഡ്' ഗോത്ര വിഭാഗങ്ങൾ, തൊഴിലാളികൾ എന്നിങ്ങനെയുള്ള വിഭാഗങ്ങൾ) ശബ്ദം ഉയർത്തുന്നതിനു സഹായകമായ അന്തരീക്ഷം സൃഷ്ടിക്കൽ;

- വിവിധ മേഖലകളിൽ പ്രശ്നപരിഹാരങ്ങൾക്കു വേണ്ടി പൊതുവായുള്ള നവീകരണവും പരീക്ഷണങ്ങളും പ്രോത്സാഹിപ്പിക്കലും അവ നടപ്പിൽ വരുത്തലും; പ്രാദേശികമോ വിഷയ സംബന്ധിയോ ആയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത ബദൽ മുന്നേറ്റങ്ങൾ തമ്മിൽ ബന്ധങ്ങൾ സ്ഥാപിക്കൽ;

- ലിംഗം, ലൈംഗിക താല്പര്യങ്ങൾ തുടങ്ങി വിവിധ കാരണങ്ങളുടെ പേരിൽ അടിച്ചേൽപ്പിക്കുന്ന മുൻവിധികളെയും പക്ഷപാതപരമായ പെരുമാറ്റങ്ങളെയും ചെറുക്കൽ; അത്തരം രീതികളെ തുറന്നുകാട്ടൽ;

- നേരത്തെ സൂചിപ്പിച്ച തത്വങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ ജ്ഞാനസമ്പാദനത്തിനും സാമൂഹികമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും ബദൽ മാർഗങ്ങൾ ആവിഷ്കരിക്കൽ; സ്കൂളുകൾ, കോളേജുകൾ, മറ്റു പൊതു സ്ഥാപനങ്ങൾ തുടങ്ങിയവ വഴി അതിനു പ്രചാരണം നൽകൽ;

- അഹിംസാത്മക രീതിയിലുള്ള തർക്ക പരിഹാരവും പരസ്പര ബന്ധങ്ങളും വികസിപ്പിക്കൽ; സാമൂഹികവും വ്യക്തിപരവുമായ തലങ്ങളിൽ സംഭവിക്കുന്ന മുറിവുകൾ ഉണക്കാനുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കൽ;

- സംസ്കാരം, ചിന്താരീതികൾ, ജീവിതശൈലികൾ, വിശ്വാസങ്ങൾ എന്നിവയിൽ വൈവിധ്യത്തിന്റെയും പരസ്പരം ശത്രുതാപരമല്ലാത്ത വൈജാത്യങ്ങളുടെയും പ്രാധാന്യം അംഗീകരിക്കലും അതിനു പൊതുവായ അംഗീകാരം നേടിയെടുക്കലും;

- പ്രകൃതിയുടെ പുനരുജ്ജീവന ശേഷിയും ഉർവരതയും അടക്കമുള്ള സവിശേഷതകളെ ആഘോഷിക്കുന്ന ഉത്സവങ്ങൾ, പാരമ്പര്യങ്ങൾ, ചടങ്ങുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുക; മതപരവും ആത്മീയവുമായ തലങ്ങളിൽ ബഹുസ്വരതയുടെയും സമവായത്തിന്റെയും സമീപനങ്ങളെ വികസിപ്പിക്കാൻ ശ്രമിക്കുക;

- സുസ്ഥിരതയും തുല്യതയും സംബന്ധിച്ച വിഷയങ്ങളിൽ വ്യക്തിജീവിതത്തിൽ ഉത്തരവാദിത്വബോധം വളർത്തുക ("തത്വങ്ങൾ ജീവിതത്തിൽ പകർത്തുക") ; അത്തരം രീതികൾ ജീവിതത്തിൽ അനുവർത്തിക്കാൻ സാധിക്കാതെ വരുമ്പോൾ അതേക്കുറിച്ചു സത്യസന്ധത പുലർത്തുക; പ്രവൃത്തികളും പെരുമാറ്റവും സംബന്ധിച്ച് അവനവന്റെ മനസ്സാക്ഷിയുടെ നിർദേശങ്ങൾക്കും ആത്മബോധത്തിനും അനുസരിച്ചു പ്രവർത്തിക്കുക;

- വിജ്ഞാനം, അനുഭവങ്ങൾ, വിഭവങ്ങൾ, കഴിവുകൾ എന്നിവയെല്ലാം പൊതുവായ

നിലയിൽ ('കോമൺസ്' എന്ന നിലയിൽ) പങ്കുവെക്കുക; പ്രത്യേകിച്ചും അതിനായി പണം ഉൾപ്പെടാത്ത വിനിമയ മാർഗങ്ങൾ അനുവർത്തിക്കുക;

- ആശയപരവും തന്ത്രപരവുമായ കാര്യങ്ങളിൽ വിയോജിക്കുന്നവർക്ക് ഇടയിൽ പോലും തുടർച്ചയായതും ബഹുസ്വര രീതിയിൽ ഉള്ളതുമായ സംഭാഷണങ്ങൾ വികസിപ്പിക്കുക;

- പ്രശ്നപരിഹാരങ്ങൾക്കും സാമൂഹികമായ പരിവർത്തനങ്ങൾക്കും വേണ്ടി നയപരമായ വേദികളും നീതിപീഠങ്ങളും അടക്കം ജനാധിപത്യപരമായ നിലയിൽ ലഭ്യമായ എല്ലാ മാർഗങ്ങളും പ്രയോജനപ്പെടുത്തുക;

- ഉപഭോഗ രീതിയിൽ വ്യത്യസ്തമായ തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യവും അവയുടെ പ്രത്യാഘാതങ്ങളും സംബന്ധിച്ച് ഉപഭോക്താക്കൾക്കിടയിൽ ബോധവൽക്കരണം; ഉപഭോഗ ശീലങ്ങളിൽ മാറ്റത്തിനുള്ള സാദ്ധ്യതകൾ സംബന്ധിച്ച അറിവു പ്രചരിപ്പിക്കൽ; ആത്യന്തികമായി സുരക്ഷിതവും ആരോഗ്യകരവുമായ ഉല്പന്നങ്ങൾ ലഭ്യമാക്കേണ്ടത് ഉല്പാദകന്റെ ഉത്തരവാദിത്വമാണ് എന്ന നിലയിലേക്കുള്ള ക്രമാനുഗതമായ മാറ്റം;

- കക്ഷികൾ എന്ന നിലയിലും കക്ഷിയിതര സംവിധാനങ്ങൾ എന്ന നിലയിലും പ്രവർത്തിക്കുന്ന എല്ലാവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും മുന്നേറ്റങ്ങളോടും നേരിട്ടുള്ള ഇടപെടലുകൾ;

- സമകാല പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും ചരിത്രപരവും ഘടനാ പരവുമായ അടിത്തറ സംബന്ധിച്ച അവബോധം പൊതുസമൂഹത്തിൽ വ്യാപിപ്പിക്കൽ; അവയ്ക്കു പരിഹാരം കാണാൻ പൊതുവായുള്ള അന്വേഷണങ്ങൾ;

- മാനുഷികമായ വിഷയങ്ങളിൽ അടക്കം ഉത്കൃഷ്ടം (ക്ളാസിക്കൽ), ജനകീയം/നാടൻ (ഫോക്ക്) എന്നിങ്ങനെയുള്ള വ്യത്യസ്ത പാരമ്പര്യങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളൽ; (കാലക്രമേണ ഈ പാരമ്പര്യങ്ങൾക്കിടയിലെ ഭിന്നതകൾ അവസാനിപ്പിക്കൽ); പ്രമുഖരായ ചിന്തകർ, ആശയ സ്രഷ്ടാക്കൾ (ഗാന്ധി, മാർക്സ്, ഫൂലെ, അംബേദ്കർ, അരവിന്ദൻ, ടാഗോർ... എന്നിങ്ങനെയുള്ളവർ), സ്ത്രീവാദികൾ, പരിസ്ഥിതിവാദികൾ തുടങ്ങിയവരിൽ നിന്നും ആദിവാസി/പരമ്പരാഗത/ഗോത്ര/ദളിത് ലോകവീക്ഷണങ്ങളിൽ നിന്നും ആശയങ്ങൾ ഉൾക്കൊള്ളൽ;

- കല നിത്യജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയും അതിലൂടെ ഓരോ വ്യക്തിയിലും സമൂഹത്തിലും അന്തർലീനമായ ക്രിയാത്മകതയുടെ അംശങ്ങളെ പ്രഫുല്ലമാക്കുകയും ചെയ്യുക; തൊഴിലും സന്തുഷ്ടിയും സംയോജിപ്പിച്ചു കൊണ്ടുവരാനുള്ള അന്വേഷണങ്ങൾ;

- പൊതുവായ രീതിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്കു അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കൽ/ നിലവിലുള്ളവ ഉപയോഗപ്പെടുത്തൽ; ഉദാഹരണത്തിന് പദ്ധതികൾ ആരംഭിക്കുന്നതിനു മുമ്പ് പൊതുസമ്മതം തേടൽ (നിലവിലെ ഭരണ വ്യവസ്ഥയിൽ നേരിട്ടുള്ള ജനാധിപത്യ രീതികളുടെ പ്രയോഗം).

⑥

# ഇതെല്ലാം ചേർന്ന് ഒരു സമഗ്ര ബദൽ ദർശനത്തിലേക്കു നയിക്കുമോ?

## - ഭാവി അന്വേഷണങ്ങൾക്കുള്ള ചില ചോദ്യങ്ങൾ



മുകളിൽ വിവരിച്ച പോലുള്ള അന്വേഷണങ്ങളിൽ നിന്നും സമഗ്രമായ നിലയിലുള്ള ചില ലോകവീക്ഷണങ്ങളും അതിനുള്ള ചട്ടക്കൂടും ഉയർന്നുവരാൻ സാധ്യതയുണ്ടോ? നിലവിൽ മേധാവിത്വം പുലർത്തുന്ന സംവിധാനങ്ങളെയും ചിന്താഗതികളെയും ഫലപ്രദമായി വെല്ലുവിളിക്കാൻ അവയ്ക്കു സാധിക്കുമോ? അതിനായി നമ്മൾ ഇനി ചോദിക്കുന്ന ചോദ്യങ്ങളും (മറ്റു പല ചോദ്യങ്ങളും) ഉന്നയിക്കുകയും അവയ്ക്കുള്ള മറുപടികൾ കണ്ടെത്തുകയും വേണം:

- അധികാര ഘടനയുടെ മൂലാധാരമായി ഇന്ന് നിലനിൽക്കുന്ന ഭരണകൂടം അല്ലെങ്കിൽ കോർപ്പറേറ്റുകൾ എന്നിവയ്ക്ക് പകരം സമൂഹം/കൂട്ടായ്മ എന്നിവയെ എത്രമാത്രം ഫലപ്രദമായി മുന്നോട്ടു വെക്കാൻ നമുക്കു സാധ്യമാകും?

- കഴിഞ്ഞു പോയ ഏതാനും സഹസ്രാബ്ദങ്ങളിൽ ഇന്ത്യയിൽ വികസിച്ചുവന്ന പ്രാചീനവും നമ്മുടെ ദീർഘ ചരിത്രത്തിൽ ആദ്യകാലം മുതൽ നിലവിലുള്ളതുമായ സാമൂഹിക സംവിധാനങ്ങളും ആശയങ്ങളും ഇന്നും പ്രസക്തമാണോ? വർഗീയ ശക്തികളും മുതലാളിത്ത/കോർപ്പറേറ്റ് ശക്തികളും സ്വന്തം താല്പര്യങ്ങൾക്കായി അവയെ എത്രമാത്രം ഉപയോഗപ്പെടുത്താൻ സാധ്യതയുണ്ട്? പാരമ്പര്യത്തിന്റെ ഭാഗമായ അത്തരം ആശയങ്ങളും സംവിധാനങ്ങളും വിഭാഗീയമായി ഉപയോഗിക്കപ്പെടാൻ സാധ്യതയുള്ളതാണോ? അത്തരം ദുരുപയോഗങ്ങളിൽ നിന്നും അവയെ രക്ഷിച്ചെടുത്തു നമ്മുടെ പൊതുസമൂഹ താല്പര്യങ്ങൾക്കായി ഉപയുക്തമാക്കാൻ എന്താണ് മാർഗം?

- മേധാവിത്വം പുലർത്തുന്ന ആശയ മണ്ഡലങ്ങൾക്കു പിന്നിൽ പല അവസരങ്ങളിലും മറഞ്ഞു കിടക്കുന്ന വ്യത്യസ്ത ലോകവീക്ഷണങ്ങളിൽ നിന്നും നമ്മൾ എങ്ങനെയാണ് പാഠങ്ങൾ ഉൾക്കൊള്ളേണ്ടത്? ഫെമിനിസം പോലെ പ്രത്യേക അനുഭവങ്ങളിൽ നിന്നും വീക്ഷണകോണുകളിൽ നിന്നും ഉയർന്നുവരുന്ന ചിന്തകളെയും ആശയങ്ങളെയും എങ്ങനെയാണ് നമ്മൾ സ്വാംശീകരിക്കേണ്ടത്? അവയെ ഉൾക്കൊള്ളേണ്ടത്?

- ഇത്തരം വിഷയങ്ങൾ ഇന്ത്യയിലെ ഇന്നത്തെ സമൂഹത്തിന്, പ്രത്യേകിച്ചും അതിന്റെ യുവലോകത്തിന്, പ്രസക്തമായി തോന്നുന്ന നിലയിൽ എങ്ങനെ നമുക്ക് അവതരിപ്പിക്കാനാവും? അതേപോലെ നമ്മൾ മുന്നോട്ടുവെക്കുന്ന 'ബദലുകൾ' എങ്ങനെ സാമൂഹിക തലത്തിൽ പ്രസക്തമായി മാറ്റിയെടുക്കാനാവും? അതിനോടു ഗുണാത്മകമായ പ്രതികരണം സമൂഹത്തിൽ ഉല്പാദിപ്പിക്കുന്നതിനു ജനങ്ങളുടെ നിത്യജീവിതത്തിലെ ആവശ്യങ്ങളെയും അനുഭവങ്ങളെയും എങ്ങനെ ഉപയോഗപ്പെടുത്താനാവും?

- വ്യക്തിഗത വിവരങ്ങൾ (ഡാറ്റ) സമാന സ്വഭാവവും അനുഭവങ്ങളുമുള്ള വിഭാഗങ്ങൾ, അവയുടെ അവകാശികൾ, പൊതുസമൂഹം എന്നിവർക്കിടയിൽ പങ്കുവെക്കുന്നതിന്റെ പ്രാധാന്യം അംഗീകരിക്കുന്നതും ന്യായയുക്തവുമായ ഒരു ഡാറ്റാ ഗവേണൻസ് സംവിധാനം എങ്ങനെ രൂപപ്പെടുത്താൻ കഴിയും? ഇത്തരം വിവരങ്ങളുടെ മേലുള്ള ജനങ്ങളുടെ പരമാധികാരം ഉറപ്പിക്കുകയും ഭരണകൂടമോ കോർപ്പറേറ്റ് ശക്തികളോ അതു തട്ടിയെടുക്കുന്നില്ല എന്ന് സുനിശ്ചിതമാക്കുകയും ചെയ്യുന്നത് എങ്ങനെ?

- ഇത്തരം വിഷയങ്ങൾ എങ്ങനെ വിപുലമായ ഒരു പൊതു സമൂഹത്തിന്റെ (വിഷയങ്ങളിൽ പൂർവനിശ്ചിതമായ നിലപാടുകൾ സ്വീകരിക്കാത്ത വിഭാഗങ്ങൾ) മുന്നിൽ എത്തിക്കാൻ കഴിയും? എന്തുതരം ഭാഷയും സംവേദന രീതിയുമാണ് (വാചികം, ലേഖികം, അച്ചടി, ദൃശ്യം, ശ്രാവ്യം) അതിനു ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാനാവുക? സന്ദേശങ്ങൾ അടിച്ചേൽപ്പിക്കുന്ന രീതി ഒഴിവാക്കി അതെങ്ങനെ സാധിക്കും? സംവേദന രീതികളിൽ യുക്തിഭദ്രതയും വികാരങ്ങളും എങ്ങനെ സമഞ്ജസമായി സന്നിവേശിപ്പിക്കാൻ സാധിക്കും?

- നിലവിൽ മേധാവിത്വം പുലർത്തുന്ന സംവിധാനങ്ങളിൽ പൂർണമായും ആമഗ്നരായ -- നഗരവാസികളായ മധ്യവർഗങ്ങളെ പോലെയുള്ള -- വിഭാഗങ്ങളെ അതിന്റെ ബദലുകളിലേക്കു ആകർഷിക്കുന്നതിനു സഹായകമായ മാർഗങ്ങൾ എന്ത്? മറുവശത്ത്, നിലവിൽ താരതമ്യേന സുസ്ഥിരത ഉറപ്പാക്കുന്ന രീതിയിൽ ജീവിതം നയിക്കുന്ന ജനവിഭാഗങ്ങൾ ആ നിലയിൽ തന്നെ തുടരുന്നുവെന്നു ഉറപ്പാക്കുന്നതിനും അത്തരം ജീവിത രീതികളിൽ കൂടുതൽ മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിക്കുന്നതിനും അവരെ എങ്ങനെ സഹായിക്കാം?

- ബദൽ പരീക്ഷണങ്ങളിൽ ആവർത്തനവും അളവു ക്രമാതീതമായി വർധിപ്പിക്കലും പോലെയുള്ള കെണികളിൽ ചെന്നുപെടാതെ എങ്ങനെ ബൃഹത് തല സാന്നിധ്യവും പ്രവർത്തന വൈപുല്യവും നേടിയെടുക്കാനാവും? സാമൂഹികമായ സമൂല പരിവർത്തനത്തിനു സഹായകമായ നിലയിൽ ബൃഹത് തല പരിവർത്തനങ്ങൾക്കായി ശ്രമിക്കുമ്പോൾ തന്നെ അത്തരം ശ്രമങ്ങൾക്കിടയിൽ അടിസ്ഥാന മൂല്യങ്ങളും തത്വങ്ങളും ബലികഴിക്കപ്പെടുന്നില്ല എന്ന് എങ്ങനെ നമുക്ക് ഉറപ്പാക്കാൻ സാധ്യമാകും? അതിനുള്ള പ്രായോഗിക മാർഗമെന്ത്?

- പരിവർത്തനത്തിനു സഹായകമായ ഏറ്റവും മുഖ്യ രാഷ്ട്രീയ ശക്തി ആരായിരിക്കും? നിലവിൽ മേധാവിത്വം വഹിക്കുന്ന സംവിധാനങ്ങൾക്കെതിരെ ചെറുത്തുനിൽപ്പു നടത്തുന്ന ബഹുജന പ്രസ്ഥാനങ്ങളെ ഭാവിയുടെ ബദലുകൾക്കു വേണ്ടിയുള്ള സമരങ്ങളുടെ കൂടെ അണിനിരത്താനും അതിനു വേണ്ടി പ്രവർത്തിക്കുന്നതിനായി സന്നദ്ധരാക്കാനും എങ്ങനെ സാധ്യമാകും?

- ബദലുകൾക്കു വേണ്ടി ഇന്ത്യയിലെങ്ങും പ്രവർത്തിക്കുന്ന വ്യാപിച്ചു കിടക്കുന്നതും വിഘടിതവും വ്യത്യസ്തങ്ങളുമായ സമരങ്ങളേയും പ്രസ്ഥാനങ്ങളേയും ഏതു വിധേനയാണ് ഒരു പൊതു വേദിയിൽ പൊതുവായ ഒരു കാഴ്ചപ്പാട് സ്വംശീകരിച്ചു കൊണ്ട് ഒന്നിച്ചു അണിനിരത്താനായി സാധിക്കുക? രാഷ്ട്രീയ മാറ്റത്തിനുള്ള ഒരു ശക്തിയായി അതിനെ എങ്ങനെ മാറ്റിയെടുക്കാം?

- ഇവിടെ പറയുന്ന മൂല്യങ്ങളും തത്വങ്ങളും വ്യക്തികൾ, സംഘടനകൾ എന്ന നിലയിൽ നമ്മളിൽ ഓരോരുത്തരും എത്രമാത്രം സ്വംശീകരിച്ചിട്ടുണ്ട്? അവയ്ക്കു അനുസരിച്ചു എത്രപേർ പ്രവർത്തനങ്ങൾ നയിക്കുന്നുണ്ട്? നേരത്തെ സൂചിപ്പിച്ച സാഹോദര്യം, ലാളിത്യം, മറ്റു മൂല്യങ്ങൾ എന്നിവയൊക്കെ പാലിച്ചു കൊണ്ടാണോ നമ്മുടെ സംഘടനകളും അവയുടെ പ്രവർത്തനവും മുന്നോട്ടു പോകുന്നത്?

- നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനായി ആവശ്യമായ വിഭവങ്ങൾ (സാമ്പത്തികം അടക്കം) സമാഹരിക്കുന്നതിനു കനത്ത പദ്ധതി ഗ്രാൻറുകളും സാമ്പത്തിക കൈമാറ്റങ്ങളും അല്ലാതെ മറ്റു എന്തെങ്കിലും ബദൽ വരുമാന സാദ്ധ്യതകൾ കണ്ടെത്താനാവുമോ?

- ബദലുകളെ സംബന്ധിച്ച സംവേദനത്തിനായി ഉപയോഗിക്കുന്ന ഭാഷ, അടിസ്ഥാനപരമായ കാര്യങ്ങളിൽ വെള്ളം ചേർക്കലൊന്നും കൂടാതെ തന്നെ എങ്ങനെ കൂടുതൽ ലളിതവും സാധാരണ ജനങ്ങൾക്കു അഭിഗമ്യവും ആക്കി മാറ്റാനാകും?

- പരസ്പര വിരുദ്ധമായ താല്പര്യങ്ങൾക്കും നിലപാടുകൾക്കും സാധ്യതയുള്ള മേഖലകളിൽ എങ്ങനെ വിവിധ സംഘടനകൾക്ക് ഒരു സമവായം കണ്ടെത്തി ഒന്നിച്ചു പ്രവർത്തിക്കാനാവും? ഉദാഹരണത്തിന്, ദരിദ്രരോ പലവിധ പ്രയാസങ്ങൾ നേരിടുന്ന അഭയാർത്ഥികളോ ഒക്കെയായ വിഭാഗങ്ങൾക്കു അവരുടെ ജീവനോപാധികൾക്കായി പാരിസ്ഥിതിക നഷ്ടങ്ങൾ ഉണ്ടാകും എന്നറിഞ്ഞു കൊണ്ടുതന്നെ കിടപ്പാടം നൽകലും വികസന സൗകര്യങ്ങളും മറ്റും എങ്ങനെ നടപ്പിലാക്കാനാവും? അത്തരം പ്രതിസന്ധികളെ എങ്ങനെ മറികടക്കാം?

www.vikalpsangam.org

ബദലുകളുടെ സംഗമം

# വികൽപ് സംഗം



സമൂഹം, സംസ്കാരം,
സമാധാനം



ബദൽ സമ്പദ്ഘടനകളും
സാങ്കേതികവിദ്യകളും



ജീവനോപാധികൾ



അധിവാസ സ്ഥലങ്ങളും
ഗതാഗതവും



ബദൽ രാഷ്ട്രീയം



ബദൽ മാധ്യമങ്ങൾ



പരിസ്ഥിതി സംരക്ഷണം,
പരിസ്ഥിതിശാസ്ത്രം



ഊർജം



ജ്ഞാനസമ്പാദനവും
വിദ്യാഭ്യാസവും



വിജ്ഞാനം



ആരോഗ്യവും
ശുചിത്വവും



ഭക്ഷണം



ജലം



ആഗോള
ബന്ധങ്ങൾ



നിയമം/
പാരമ്പര്യങ്ങൾ